പത്രാധിപർ എം. എ. ജോൺ

# നിർണ്ണയം

പുസ്തകം 1
ലക്കം 23

എറണാകുളം 1970 ജൂലായ് 19 ഞായർ

വില 35 പൈസ

*** ഈ ലക്കത്തിൽ ***

* കുറിപ്പുകൾ

ഭരണമുന്നണിയുമായി ധാരണ

* ലേഖനങ്ങൾ

അപ്രസക്തത

11-7-70ൽ എറണാകുളത്തു വിളിച്ചുകൂടിയ കോൺഗ്രസ്സ് റാഡിക്കൽ ഫാറം എക്സിക്യൂട്ടീവ് അംഗീകരിച്ച പ്രമേയം

* എഴുതാപ്പുറം

**23**

കുറിപ്പുകൾ

## ഭരണമുന്നണിയുമായി ധാരണ

ഭരണമുന്നണിയുമായി കോൺഗ്രസ്സ് ധാരണയുണ്ടാക്കാൻ തീരുമാനിച്ചുകഴിഞ്ഞുവെന്ന് ഏറെക്കുറെ അറിവായിട്ടുണ്ട്. ഭരണമുന്നണിയുമായി മുന്നണിയെന്ന നിലയിൽ ധാരണയുണ്ടാക്കേണ്ടതില്ലെന്നും മുന്നണിയിലെ ഓരോ കക്ഷിയുമായി ധാരണയുണ്ടാക്കിയാൽ മതിയെന്നുമാണ് കോൺഗ്രസ്സ് നേതൃത്വം വിചാരിക്കുന്നത്. അവസാനത്തിൽ ഈ ധാരണ മറ്റൊരു രൂപം കൈക്കൊള്ളുന്നതിനുമിടയുണ്ട്.

കോൺഗ്രസ്സും കേരളാകോൺഗ്രസ്സുമായി ധാരണയുണ്ടാക്കി സീറ്റുകൾ പങ്കിടുന്നതിനും കേരളാകോൺഗ്രസ്സിനു ലഭിക്കുന്ന സീറ്റുകളിൽ നിന്നും കുറെ മുസ്ലീംലീഗിനു നൽകുന്നതിനുമായിരിക്കും പരിപാടി. എന്നാലും വലതു കമ്യൂണിസ്റ്റുകാർക്കെതിരെ ഈ മൂന്നു കക്ഷിയിൽപ്പെട്ടവരാരും മത്സരിക്കുന്നതായിരിക്കയില്ല. ഫലത്തിൽ കോൺഗ്രസ്സും ഭരണമുന്നണിയും ചേർന്നു കൂട്ടുകെട്ട് മാർക്സിസ്റ്റു കമ്യൂണിസ്റ്റ് നേതൃത്വത്തിലുള്ള മുന്നണിയോടു മത്സരിക്കുകതന്നെയാണുണ്ടാവുക.

ഭരണമുന്നണിയിലെ ആർ. എസ്സ്. പി. യും, ഐ. എസ്സ്. പി. യും തഞ്ചം നോക്കിത്തന്നെയാണ് നിൽക്കുന്നത്. കോൺഗ്രസ്സുമായി കൂട്ടുകൂടുന്നതിനോട് അവർ വിയോജിപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്. രണ്ടു പാർട്ടിക്കാരുടേയും നോട്ടം ഒരേ ലക്ഷ്യത്തിൽ തന്നെയാണ്. സീറ്റുകളുടെ എണ്ണവും വിജയസാദ്ധ്യതയും തന്നെയാണ് ഇരുവരുടേയും പ്രശ്നം. അതുസംബന്ധിച്ച് തീരുമാനമെടുക്കണമെങ്കിൽ തെരഞ്ഞെടുപ്പ് തീയതിയെക്കുറിച്ചും അറിയാതെ നിർവ്വാഹവുമില്ല. അതുവരെ കോൺഗ്രസ്സുമായുള്ള ബന്ധത്തെപ്പറ്റിയോ പ്രകടനപത്രികയെപ്പറ്റിയോ മറ്റോ തർക്കിച്ചുകൊണ്ട് അവർ തുടരും. മാർക്സിസ്റ്റു കമ്യൂണിസ്റ്റു പാർട്ടിയാണ് ഇതേവരെ ഏറെക്കുറെ വ്യക്തമായ നിലപാടെടുത്തിട്ടുള്ളു. ഇപ്പോൾ അവരോടൊപ്പം നിൽക്കുന്ന എല്ലാപാർട്ടികളും മാർക്സിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിലുള്ള മുന്നണിയിലുണ്ടായിരിക്കുമെന്നുറപ്പാണ്. അതിനും പുറമെ മറ്റെല്ലാ കക്ഷികളിൽ നിന്നും വിട്ടുപോന്ന വ്യക്തികളും ഗ്രൂപ്പുകളും സ്വതന്ത്രന്മാരും ചേർന്ന മുന്നണിയാണ് അവർ വിഭാവനം ചെയ്യുന്നത്.

പക്ഷെ ഭരണമുന്നണിയിൽ നിന്നു വേർപ്പെട്ടു വരുന്ന ഏതെങ്കിലും കക്ഷിയെ മാർക്സിസ്റ്റുകാരുടെ നേതൃത്വത്തിലുള്ള മുന്നണിയിൽച്ചേർക്കുമോയെന്നു വ്യക്തമല്ല. വ്യക്തികളും ഗ്രൂപ്പുകളും എന്നു മാത്രമേ അവർ പറയുന്നുള്ളു. കോൺഗ്രസ് ശത്രുത മാർക്സിസ്റ്റു മുന്നണിയുടെ അടിസ്ഥാന തത്വമായി ഇന്നും മാർക്സിസ്റ്റു നേതൃത്വം കരുതുന്നുണ്ട്.

കഴിഞ്ഞ തെരഞ്ഞെടുപ്പിലും മുന്നണിയുടെ അടിസ്ഥാന തത്വം ഇതായിരുന്നു. പക്ഷെ ഒന്നു രണ്ടു വർഷംകഴിഞ്ഞപ്പോൾ മുന്നണിയിലെ മിക്ക കക്ഷികൾക്കും കോൺഗ്രസ്സിനോട് ധാരണയുണ്ടാക്കാൻ ഒരു വിഷമവുമുണ്ടായില്ല. മാർക്സിസ്റ്റ് നേതാവ് ഇ. എം. എസ്സ്. തന്നെ സമ്മതിച്ചതുപോലെ 1952 മുതൽ കേരളത്തിൽ കോൺഗ്രസ് ന്യൂനപക്ഷമായിരുന്നു. കോൺഗ്രസ് വിരുദ്ധമുന്നണിയുമുണ്ടായിരുന്നു.

ഇന്നു കോൺഗ്രസ് വിരുദ്ധതയാണ് മുന്നണിയുടെ അടിസ്ഥാന തത്വമായി മാർക്സിസ്റ്റ് കമ്യൂണിസ്റ്റുകാർ അംഗീകരിക്കുന്നതെങ്കിൽ കൂടുതലായി വലിയ പിന്തുണയൊന്നും അവരുടെ മുന്നണിക്ക് അതുകൊണ്ട് ലഭിക്കുകയില്ല. കോൺഗ്രസിൽ നിന്നു ഭിന്നിച്ച് പുറത്ത് പോരുന്നവരെല്ലാം തന്നെ കോൺഗ്രസ് എന്ന പേരിനോട് കാണിക്കുന്ന ആഭിമുഖ്യവും ഭിന്നിച്ചു പോരുന്നവർ വീണ്ടു കോൺഗ്രസിനോട് ചേരാൻ കാണിക്കുന്ന താല്പര്യവും ഇതു വ്യക്തമാക്കുന്നു.

(ശേഷം 2-ാം പേജിൽ)

# 11 - 7 - 1970ൽ എറണാകുളത്തുവെച്ചു കൂടിയ കോൺഗ്രസ്സ് റാഡിക്കൽ ഫോറം എക്സിക്യൂട്ടീവ് അംഗീകരിച്ച പ്രമേയം

അധികാര മോഹം കൊണ്ടു് രാഷ്ട്രീയ കക്ഷികൾ രൂപവൽക്കരിച്ച ആദർശശൂന്യമായ ഐക്യമുന്നണി അധികാര മത്സരത്തിൽ തമ്മിൽ തല്ലി നശിച്ചതിന്റെ ഫലമായി കേരളത്തിൽ ഇടക്കാല തെരഞ്ഞെടുപ്പു നടക്കാൻ പോവുകയാണു്. അഞ്ചുവർഷം ഉറച്ച ഭരണം നൽകുമെന്നു് കേരളീയരോടു് വാഗ്ദാനം ചെയ്തു് വമ്പിച്ച ഭൂരിപക്ഷം നേടിയ ഐക്യമുന്നണി ആയിരം ദിവസം അധികാരത്തിലിരിക്കും മുമ്പേ തകർന്നു ഛിന്നഭിന്നമായി തത്വദീക്ഷയില്ലാതെ നിഷേധാത്മകമായ ലക്ഷ്യത്തിനു വേണ്ടി പടച്ചുണ്ടാക്കിയ "ഏഴു കക്ഷികളുടെ ഐക്യമുന്നണി" തമ്മിൽത്തമ്മിൽ കലഹിച്ചു് നശിച്ചതു് ഐക്യമുന്നണിയുടെ സ്വാഭാവികമായ പരിണാമം മാത്രമാണു്.

കഴിഞ്ഞ പൊതുതെരഞ്ഞെടുപ്പിൽ ഐക്യമുന്നണിയിൽ അംഗമാകുന്നതിനു് രാഷ്ട്രീയകക്ഷികളുടെ യോഗ്യത കോൺഗ്രസ്സ് വിരോധം മാത്രമായിരുന്നു. ഏററവും വലിയ കക്ഷിയായ കോൺഗ്രസിനെ തോല്പിച്ചു് അധികാരം നേടുകയെന്നതായിരുന്നു ഐക്യമുന്നണിയുടെ മിനിമം പരിപാടി. ആ ലക്ഷ്യം നേടുന്നതിൽ ഐക്യമുന്നണി വിജയിച്ചു. പക്ഷെ ആ ലക്ഷ്യം വിജയിച്ചതോടെ കൂടുതൽ അധികാരം എന്നതു മാത്രമായി ഓരോ ഘടക കക്ഷിയുടേയും ലക്ഷ്യം. ഇതിന്റെ ഫലം ഐക്യമുന്നണിയിലെ കക്ഷികൾ തമ്മിലുള്ള ചേരിപ്പോരായിരുന്നു. ഐക്യമുന്നണി കക്ഷികൾ തമ്മിലും കക്ഷികൾക്കുള്ളിലും അധികാര മത്സരം കൊടുമ്പിരിക്കൊണ്ടു. ഘടകകക്ഷികളോരോന്നായി പിളർന്നു. അവസാനം ഐ. എസ്. പിയും പി. എസ് പിയും തമ്മിലുള്ള മത്സരത്തിന്റെ ഫലമായി കേരള നിയമസഭ പിരിച്ചുവിടപ്പെടുകയും ചെയ്തു.

ഐക്യമുന്നണി രൂപവൽക്കരണത്തിൽ അവലംബിച്ച തത്വങ്ങളുടെ സ്വാഭാവികമായ പരിണാമമാണിതു്! ശക്തിയേറിയ രാഷ്ട്രീയ കക്ഷികൾക്കെതിരായി മറ്റെല്ലാ കക്ഷികളും യോജിച്ചു തെരഞ്ഞെടുപ്പിൽ മത്സരിക്കണമെന്നതാണ് ഐക്യമുന്നണികൾ ആദ്യമായി അംഗീകരിക്കുന്ന തത്വം. ഈ തത്വമംഗീകരിച്ചുകഴിഞ്ഞാൽ പിന്നെ നിയമസഭയിലേക്കു മത്സരിക്കുന്നതിനു് നിയോജക മണ്ഡലങ്ങൾ പങ്കിടുന്നതിനുള്ള കീഴ്‌വഴക്കങ്ങളും സ്വീകരിക്കപ്പെടുന്നു. തൊട്ടുമുമ്പുള്ള തെരഞ്ഞെടുപ്പിൽ ഒരു മണ്ഡലത്തിൽ നിന്നു മത്സരിച്ചു വിജയിച്ച കക്ഷിയുടെതന്നെ സ്ഥാനാർത്ഥിക്കു വരാൻ പോകുന്ന തെരഞ്ഞെടുപ്പിലും പ്രസ്തുത മണ്ഡലം മത്സരിക്കാനായി നൽകുകയെന്നതാണ് അംഗീകൃതമായ ആദ്യത്തെ കീഴ്‌വഴക്കം. ബാക്കിവരുന്ന നിയോജകമണ്ഡലങ്ങൾ പുതുതായി ഐക്യമുന്നണിയിൽ ചേരുന്ന കക്ഷികൾക്കു കൂടി പങ്കിട്ടുകൊടുക്കുന്നു. ഐക്യമുന്നണിയിൽ ചേരുന്നതിനുള്ള യോഗ്യത ഏററവും വലിയ കക്ഷിയോടുള്ള ശത്രുതയാണെന്നു് തീരുമാനിക്കുകയും ചെയ്യുന്നു.

ഈ തത്വങ്ങളുടേയും കീഴ്‌വഴക്കങ്ങളുടേയും അനന്തര ഫലമായിട്ടാണ് ഐക്യമുന്നണിയും മുന്നണിക്കകത്തെ കക്ഷികളും ഒന്നിനൊന്നു് പിളർന്നത്. പിളർന്നു വേർപ്പെടുന്ന കക്ഷികൾക്കും ഗ്രൂപ്പുകൾക്കും ഐക്യമുന്നണിയുടെ നയരൂപീകരണ സമിതിയായ ഏകോപനസമിതിൽ അംഗത്വം നൽകുകയെന്ന കീഴ്‌വഴക്കവും സ്വീകരിക്കപ്പെട്ടു. എല്ലാകക്ഷികൾക്കും മന്ത്രിസഭയിൽ പ്രാതിനിധ്യം നൽകി. യാതൊരു ജന പിന്തുണയുമില്ലാത്ത രാഷ്ട്രീയ കക്ഷികളുടെ നേതാക്കൾ രാജ്യഭരണത്തിൽ സുപ്രാധാനമായ പങ്കുവഹിക്കുന്ന നിലയിലെത്തി—ജനാധിപത്യം തന്നെ പരിഹാസ്യമായി.

കേരളത്തിലേയും ഇന്ത്യയിലേയും കോൺഗ്രസ്സ് വിരുദ്ധ ഐക്യമുന്നണികളുടെ ചിത്രം ഇതു തന്നെയായിരുന്നു. കോൺഗ്രസ്സിനകത്തെ ആദർശപ്പൊരുത്തമില്ലായ്മയെ നിരന്തരമായി അധിക്ഷേപിക്കുന്ന രാഷ്ട്രീയകക്ഷികൾ ചേർന്നു, കോൺഗ്രസ്സിന്റെ ഭരണത്തിനു ബദലായി മാറ്റുക കാണിക്കാൻ വേണ്ടിയുണ്ടാക്കിയതാണു് കേരളത്തിലെ ഐക്യമുന്നണിയെന്നു് ഓർക്കേണ്ടതാണു്. കോൺഗ്രസ്സ് അതിനുള്ളിലെ ആദർശസംഘട്ടനങ്ങൾ ഒരിക്കലും മറച്ചുവെച്ചിട്ടില്ല. ഉൾപ്പാർട്ടി സംഘട്ടനങ്ങൾ നടന്നുകൊണ്ടിരിക്കെത്തന്നെ ഇന്ത്യയുടെ പ്രശ്നങ്ങളെ മൊത്തം കാണുന്നതിനും ദേശവ്യാപകമായ സ്വാധീനത്തിലൂടെ രാജ്യത്തെ ഒന്നിച്ചു നിർത്തുന്നതിനും കോൺഗ്രസ്സിനു സാധിച്ചു. എന്നാൽ ഒററ സംഘടനയെന്ന നിലയും ഒരേ നേതൃത്വവും ഇല്ലാതിരുന്ന ഐക്യമുന്നണികളാകട്ടെ കോൺഗ്രസ്സിന്റെ ഗുണങ്ങൾ ഒന്നുപോലും ഇല്ലാത്തവയും തികച്ചും പ്രയോജനശൂന്യവും ആയിത്തീർന്നു. വിരുദ്ധങ്ങളായ ആശയഗതിക്കാരെ ഉൾക്കൊള്ളുന്നതായിരുന്നു കോൺഗ്രസ്സ് എങ്കിൽ അതിലേറെ വൈരുദ്ധ്യങ്ങളുള്ള രാഷ്ട്രീയ കക്ഷികളെത്തന്നെ ഏച്ചുകെട്ടിയുണ്ടാക്കിയ കൃത്രമ കോൺഗ്രസ്സായിരുന്നു ഐക്യമുന്നണികൾ. കോൺഗ്രസ്സിന്റെ ഗുണമൊന്നും തന്നെയില്ലാതിരുന്ന ഐക്യമുന്നണികളാകുന്ന കൃത്രമകോൺഗ്രസ്സുകൾ കോൺഗ്രസ്സിനുള്ളിലുള്ളതിലും പതിന്മടങ്ങു വൈരുദ്ധ്യങ്ങൾ പ്രകടമാക്കുകയും ചെയ്തു.

ആദർശശൂന്യവും നിഷേധാത്മകവുമായ ഐക്യമുന്നണിയുടെ പരാജയം ജനങ്ങൾക്കു മുമ്പിൽ മറച്ചു വെക്കാനാവാത്ത വിധം പ്രകടമായിക്കഴിഞ്ഞയവസരത്തിലാണു് കേരളത്തിൽ ഇടക്കാലതെരഞ്ഞെടുപ്പ് നടക്കുന്നതു്. എന്നിട്ടും ജനങ്ങൾക്കു് സ്വതന്ത്രമായ അഭിപ്രായ പ്രകടനത്തിനും തെരഞ്ഞെടുപ്പിനുമുള്ള അവസരം നിഷേധിച്ചുകൊണ്ടു് എല്ലാ രാഷ്ട്രീയ കക്ഷികളും പുതിയ ഐക്യമുന്നണികൾക്കും കൂട്ടുകെട്ടുകൾക്കും വേണ്ടി തയ്യാറെടുക്കുന്നു. 1967-ൽ വമ്പിച്ച ഭൂരിപക്ഷത്തോടെ ഐക്യമുന്നണിയുടെ പേരിൽ അധികാരത്തിൽ വന്ന കക്ഷികൾ തന്നെയാണ് ഇന്നു പുതിയ ഐക്യമുന്നണിയുമായി വീണ്ടും ജനങ്ങളെ സമീപിക്കുന്നതു്. ഇതുവീണ്ടു

[ശേഷം 6-ാം പേജിൽ

---

ഇന്നു ശത്രുതയുടെ അടിസ്ഥാനത്തിലല്ലാതെ ആശയത്തിനും അതിന്റെ പേരിലുള്ള ഭിന്നതകൾ യോജിപ്പിനും തയാറുള്ളയൊരു വിഭാഗം യുവാക്കൾ കോൺഗ്രസ്സിലുണ്ടായിരിക്കുന്നു. അവരാണ് മാർക്സിസ്റ്റ് വിരോധികളല്ലാത്ത റാഡിക്കൽ കോൺഗ്രസ്സുകാർ. ദേശവ്യാപകമായ ജനപിന്തുണയുള്ള കോൺഗ്രസ്സിനെ എതിർക്കാതെ തന്നെ, പിന്തിരിപ്പൻ വർഗ്ഗീയ ശക്തികളായ കേരളാ കോൺഗ്രസ്സ്–മുസ്ലീം ലീഗ് കക്ഷികളെയും അവരെ താങ്ങിനില്ക്കുന്ന കക്ഷികളെയും മററാരേയുംകാൾ റാഡിക്കൽ കോൺഗ്രസ്സുകാർ എതിർക്കുന്നു. കോൺഗ്രസ്സ് സ്ഥാനാർത്ഥികളെ എതിർക്കാതെ, കേരളാകോൺഗ്രസ്സ്- മുസ്ലീംലീഗ് സ്ഥാനാർത്ഥികളേയും അവരോടൊപ്പമുള്ള കോൺഗ്രസ്സിതര കക്ഷികളേയും എതിർക്കുന്ന റാഡിക്കൽ കോൺഗ്രസ്സ് സ്ഥാനാർത്ഥികളും അടുത്ത തെരഞ്ഞെടുപ്പിൽ രംഗപ്രവേശം ചെയ്തുകൂടായ്കയില്ല.

# എഴുതാപ്പുറം

കെ. പി. സി. സി. പ്രസിഡൻറ് കെ. കെ. വിശ്വനാഥൻ വീണ്ടും ചുവടുമാററിച്ചവിട്ടിത്തുടങ്ങിയിരിക്കുന്നു. കെ. പി. സി. സി. പ്രസിഡൻറ് തെരഞ്ഞെടുപ്പിൻെറ തലേദിവസമാണ് ഇതേപോലൊരു തകിടം മറിച്ചിൽ അദ്ദേഹം നടത്തിയതു്. സ്വന്തമായ ഒരു വീക്ഷണവും ഇല്ലാത്ത വർക്ക ഇങ്ങനെ ഇന്നലെപ്പറഞ്ഞതിനു വിപരീതമായി ഇന്നും, ഇന്നു പറഞ്ഞതിനെതിരായി നാളെയും പറയാൻ ഒരു വിഷമവുമുണ്ടാകയില്ല. എന്നിട്ടും താനെന്നും ഒരേയഭിപ്രായംതന്നെയാണ് പറഞ്ഞിരുന്നതെന്നു നിസ്സങ്കോചം പറയാനും ഇത്തരക്കാർ മടികാണിക്കയില്ല. തൽക്കാലം സ്വന്തം സ്ഥാനം സംരക്ഷിക്കണമെന്നു മാത്രമേ കെ. കെ. വിശ്വനാഥൻ– എ. കെ. ആൻറണി തുടങ്ങിയ നേതാക്കൾക്കു ആഗ്രഹമുണ്ടാകയുള്ളു. നേതൃസ്ഥാനത്തെത്തുന്നവരെല്ലാം നേതാക്കളായിക്കൊള്ളണമെന്നില്ലല്ലോ.

കോൺഗ്രസ്സിനെക്കൊണ്ട് ഭരണമുന്നണിയുടെ സ്തുതിപാടിക്കുകയായിരുന്നല്ലോ ഇത്രയുംകാലം വിശ്വനാഥനും എ. കെ. ആൻറണിയുംകൂടിചെയ്തിരിക്കുന്നതു്. കേരളാകോൺഗ്രസ്സിനേയും മുസ്ലീംലീഗിനേയും അധികാരത്തിലിരുത്തുന്ന സി. പി. ഐ. ക്കാരെതാങ്ങിനിർത്തുന്നതു് പുരോഗമനമാണെന്നാണ്ഇവർപറഞ്ഞുനടന്നതു്. ഇപ്പോൾ സി. പി. ഐ.യേയും വിട്ട് കേരളാകോൺഗ്രസ്സുംസിൻഡിക്കേററുമായി മാത്രം കൂട്ടുകൂടാൻ കോൺഗ്രസ്സ് തയാറാണെന്നു് അർത്ഥം വരുന്ന വിധത്തിൽ കെ. പി. സി. നേതാക്കൾ പ്രസ്ഥാവന ചെയ്തു തുടങ്ങിയിട്ടുണ്ട്.

കേരളാ കോൺഗ്രസ്സുമായി കൊച്ചിൻ കോർപ്പറേഷൻ തെരഞ്ഞെടുപ്പിൽ കൂട്ടുകൂടിയതിനു എറണാകുളം ഡി. സി. സി പ്രസിഡൻറ് പോൾ പി. മാണിയെ അധിക്ഷേപിച്ചു നടന്നയാളാണ് കെ. കെ. വിശ്വനാഥൻ. കെ. പി. സി. സി. നേതാക്കളുടെ അറിവോടുകൂടിയാണ് പോൾ പി. മാണി കൊച്ചിൻ കോർപ്പറേഷൻ തെരഞ്ഞെടുപ്പിൽ കേരളാകോൺഗ്രസ്സുമായി കൂട്ടുകൂടിയതു്. കോർപ്പറേഷൻ തെരഞ്ഞെടുപ്പിൽ ഈ കൂട്ടുകെട്ടിനു വലിയ വിജയം ലഭിക്കാതെ വന്നപ്പോൾ വിശ്വനാഥനും അദ്ദേഹത്തിൻെറ പ്രസിഡൻറായിരുന്ന ടി ഒ. ബാവയും കൂടി പോൾ പി. മാണിയുടെ പേരിൽ എല്ലാകുററങ്ങളും ചുമത്തുകയാണ് ചെയ്തത്. എന്നാൽഇന്നു വലത് കമ്യൂണിസ്റ്റുകാരുടെ നേതൃത്വത്തിൽ കേരളാ കോൺഗ്രസ്സുമായി കൂട്ടുകൂടണമോ, അതോ വലത് കമ്യൂണിസ്റ്റുകാരെ ഒഴിച്ചു നിർത്തി കേരളാകോൺഗ്രസ്സുമായി കൂട്ടുകൂടണമോ എന്ന കാര്യത്തിൽ മാത്രമേ വിശ്വനാഥനു സംശയമുള്ളു.

ഡൽഹിയിൽപ്പോയി വന്നശേഷം വലത് കമ്യൂണിസ്റ്റു നേതാവ് എം. എൻ. ഗോവിന്ദൻ നായർ കോൺഗ്രസിനെ അവഗണിച്ചു തള്ളികൊണ്ട് പത്രസമ്മേളനം നടത്തിയപ്പോൾ കോൺഗ്രസ്സണികളിൽ നിന്നും ശക്തിയായ പ്രതിഷേധം ഉണ്ടായി. വിശ്വനാഥനും സ്ഥാനസംരക്ഷണത്തിനു വേണ്ടി അടവുമാററാതെ നിർവ്വാഹമില്ലതെ വന്നു. 'ഭരണമുന്നണിക്ക് ജനങ്ങളുടെയംഗീകാരം വാങ്ങുകയാണ് അവരുടെ ലക്ഷ്യമെങ്കിൽ കേരളത്തിലെ എല്ലാനിയോജക മണ്ഡലങ്ങളിലും ഭരണമുന്നണിസ്ഥാനാർത്ഥികളെ നിർത്തി മത്സരിക്കേണ്ടതായിവരും.' എന്നു വിശ്വനാഥൻ പറഞ്ഞിരിക്കുന്നു. നിയമസഭ പിരിച്ചുവിട്ടയന്നു മുതൽ തന്നെ മുഖ്യമന്ത്രി അച്ചുതമേനോനും മുസ്ലീം ലീഗ് നേതാക്കളും മററും ആവർത്തിച്ചു പറഞ്ഞതാണ് ഭരണമുന്നണിയുടെ ഭരണനേട്ടങ്ങൾക്ക് അംഗീകാരം നേടുന്നതിനാണ് ഇടക്കാല തെരഞ്ഞെടുപ്പ് നടത്തുന്നതെന്നു്. അതിനു ശേഷം കെ. പി. സി. സി. നിർവ്വാഹക സമിതിയോഗം ചേർന്നു പ്രമേയം പാസ്സാക്കി. വിശ്വനാഥനും എ. കെ. ആൻറണിയും ജില്ല തോറും നടന്നു പത്രസമ്മേളനം നടത്തി. കോൺഗ്രസിനു സീററു കൂടുതൽ കിട്ടണമെന്നെങ്കിലും ആഗ്രഹമുള്ള സി. എം. സ്റ്റീഫൻ വലത് കമ്യൂണിസ്റ്റ്കാരുടെ അടവിനെ വിമർശിച്ചപ്പോൾ കെ. പി. സി. സി. നേതാക്കൾ സ്റ്റീഫനെ അധിക്ഷേപിക്കുകയും ചെയ്തു. എം. എൻ. ഗോവിന്ദൻ നായരുൾപ്പെടെ ഭരണമുന്നണി നേതാക്കളെ വിശ്വനാഥ–കരുണാകരന്മാർ മുമ്പ് പലതവണ കണ്ട് സംസാരിച്ചു. എന്നിട്ടും കോൺഗ്രസിൻെറ നിലയെന്താണെന്നു മനസ്സിലാക്കി കൊടുക്കുന്നതിൽ കെ. പി. സി. സി. നേതാക്കൾ പരാജയപ്പെട്ടുവെന്നു കോൺഗ്രസ്സുകാർക്ക് തോന്നിയതിൽ അത്ഭുതമില്ല. കഴിഞ്ഞ കാലങ്ങളിൽ സ്വതന്ത്രമായ നയം സ്വീകരിക്കാത്ത കോൺഗ്രസിനെ ഭരണമുന്നണിയുടെ വാലാക്കിക്കഴിഞ്ഞതുകൊണ്ട് കെ. പി. സി. സി. നേതാക്കൾ എന്തു ചെയ്യണമെന്നറിയാതെ കുഴങ്ങുകയായിരുന്നുവെന്നതാണ് സത്യം.

ഇപ്പോൾ വിശ്വനാഥനും മററും സിൻഡിക്കേററുകാരെ കൂടിയുൾപ്പെടുത്തി ഒരു 'ജനാധിപത്യ'മുന്നണി രൂപവൽക്കരിക്കാനും തയാററായിട്ടുണ്ടെന്നാണ് തോന്നുന്നത്. കൊല്ലത്ത് വെച്ച് കെ. പി. സി. സി. പ്രസിഡൻറ് കെ. കെ. വിശ്വനാഥൻ ചെയ്ത പ്രസ്താവന ഇങ്ങനെയാണ്. 'മാർക്സിസ്റ്റ് വലത്-കമ്യൂണിസ്റ്റ്-ആർ. എസ്സ് പി എന്നീ കക്ഷികൾ ഒഴിച്ചുള്ള എല്ലാ കക്ഷികളേയും ജനാധിപത്യ പാർട്ടികളായി എണ്ണുന്ന നിജലിംഗപ്പാ കോൺഗ്രസ്സുകാർ ഈ എല്ലാ പാർട്ടികളും ചേർന്നു ജനാധിപത്യനിര കെട്ടിപ്പടുക്കാൻ ഉള്ള സാദ്ധ്യത ബോദ്ധ്യപ്പെടുത്തുന്നപക്ഷം ആ ചേരിയിൽ ചേരുന്ന കാര്യം പരിഗണിക്കാമെന്നു' വിശ്വനാഥൻ പറഞ്ഞിരിക്കുന്നു (മലയാളമനോരമ ജൂലായ് 13 തിങ്കൾ) ഒരു കാരണവശാലും സിൻഡിക്കേററുകാരെ തൊടിൽ കൊണ്ടുപോലും തൊടുകയില്ലെന്നു ഇതേവരെ പറഞ്ഞുനടന്നയാളാണ് വിശ്വനാഥൻ–സിൻഡിക്കേററുകാരും മാർക്സിസ്റ്റുകാരും തമ്മിൽ ഐക്യമുണ്ടാക്കുന്നുവെന്നും അദ്ദേഹത്തിനും ശിഷ്യനായ ആൻറണിക്കും ആക്ഷേപമുണ്ടായിരുന്നു. അതെല്ലാം അവസാനിച്ചമട്ടുണ്ട്.

നിജലിംഗപ്പാ കോൺഗ്രസ്സുമായി ധാരണയിൽ എത്തുന്നതിനു വ്യക്തിപരമായി താൻ എതിരല്ലെങ്കിലും കേരളത്തിലെ ബഹുഭൂരിപക്ഷം കോൺഗ്രസ്സുകാർക്കും ആബന്ധം ദഹിക്കുമെന്നു തോന്നുന്നില്ലെന്നു കെ. പി. സി. സി. പ്രസിഡൻറു പറഞ്ഞു. (മനോരമ ജൂലായ് 13) സ്വന്തം സ്ഥാനം സംരക്ഷിക്കുന്നതിനു ഇത്രയേറെ നീചമായ ഒരു പ്രസ്താവന ചെയ്ത നേതാവ് കെ. പി. സി. സി. ക്കു ഉണ്ടായിട്ടുണ്ടെന്നു തോന്നുന്നില്ല. ഒരേ സമയത്ത് തന്നെ 'നിജലിംഗപ്പാ കോൺഗ്രസ്സുകാർ ജനാധിപത്യ നിര കെട്ടിപ്പടുക്കാൻ സാദ്ധ്യത ബോദ്ധ്യപ്പെടുത്തുന്നപക്ഷം ആ ചേരിയിൽ ചേരുന്ന കാര്യം പരിഗണിക്കാ'മെന്നും എന്നാൽ ആ ബന്ധം ഭൂരിപക്ഷം കോൺഗ്രസ്സുകാർക്കും ദഹിക്കുമെന്നും തോന്നുന്നില്ലെന്നും പറയുന്ന കെ. പി. സി. സി. പ്രസിഡൻറിനെപ്പററി എന്താണ് പറയേണ്ടത്?

അങ്ങിനെയാണെങ്കിൽഭൂരിപക്ഷം കോൺഗ്രസ്സ്കാർക്ക് വേണ്ടാത്ത ബന്ധത്തിൽ

കോൺഗ്രസ്സിനെച്ചേർക്കണമെന്നു പറയുന്നതിനു വിശ്വനാഥന് ആരാണ് അധികാരം നൽകിയത്. വ്യക്തിപരമായി അദ്ദേഹം സിൻഡിക്കേററുമായി ബന്ധപ്പെടാനിഷ്ടപ്പെടുകയും എന്നാൽ ബഹുഭൂരിഭാഗം കോൺസ്സ്കാർ അതിഷ്ടപ്പെടാതിരിക്കുകയും ചെയ്യുന്നുണ്ടെങ്കിൽ വിശ്വനാഥൻ നേതൃസ്ഥാനത്ത് നിന്നു രാജിവെച്ചു ഭൂരിപക്ഷത്തിന്റെ നയവുമായി യോജിക്കുന്നവർക്കുവേണ്ടി വഴിമാറികൊടുക്കുകയാണ് രാഷ്ട്രീയ മര്യാദ. സംഘടനയുടെ നയവുമായി യോജിക്കുന്നയാൾ തന്നെ നേതൃസ്ഥാനത്തുണ്ടാകേണ്ടത് സംഘടനാപ്രവർത്തനത്തിനും വിജയിക്കുന്നതിനു അത്യന്താപേക്ഷിതമായ കാര്യമാണല്ലോ

‘തന്റെ നേതൃത്വത്തിലുള്ള കോൺഗ്രസ്സ്മായി തെരഞ്ഞെടുപ്പ് ധാരണയിൽ ഏർപ്പെട്ടുമെന്നോ ഏർപ്പെടുകയില്ലെന്നോ പറയാൻ കാലമായിട്ടില്ലെന്നു വിശ്വനാൻ വ്യക്തമാക്കി'യെന്നും റിപ്പോർട്ടുണ്ട്'. ഇനി എപ്പോഴാണ്' ഏർപ്പെട്ടുമെന്നോ ഏർപ്പെടുകയില്ലെന്നോ പറയാൻ കാലമാവുകയെന്നു മനസ്സിലാകുന്നില്ല. പക്ഷെ ഈ കാലചിന്തയൊന്നും മുമ്പ്' കെ. പി. സി. സി. നേതാവ് പ്രകടിപ്പിച്ചു കണ്ടില്ല. ജൂലായ് 13നു-യിലെ മലയാള മനോരമയിൽത്തന്നെ ഡൽഹി ലേഖകൻ റിപ്പോർട്ട് ചെയ്യുന്നതിങ്ങനെയാണ്'. ‘ഈ വർഷം കേരളത്തിൽ നടന്ന മൂന്നു ഉപതെരഞ്ഞെടുപ്പ്കളിലും കേന്ദ്രത്തിന്റെ അനുമതി കൂടാതെ തന്നെ കേരളത്തിലെ ഇന്ദിരകോൺഗ്രസ് ഘടകം മുന്നണിയോടൊപ്പം ചേർന്നു സംയുക്ത പ്രചരണം നടത്തി. അതേപോലെ തന്നെ നിലമ്പൂരിൽ നിന്നു ജയിച്ച ഇന്ദിരാ കോൺഗ്രസ് സ്ഥാനാർത്ഥി വിജയിച്ചാൽ മുന്നണി ഗവർമ്മെണ്ടിനു പിന്തുണ നൽകാമെന്നു എഴുതികൊടുത്തിരുന്ന കാര്യവും ഇവിടെ ഒരു രഹസ്യമല്ല’

ഇതിനെപ്പററി വിശ്വനാഥ-കരുണാകരന്മാരും ശിഷ്യനായ എ. കെ. ആന്റണും എന്ത് പറയുന്നുവെന്നറിയാൻ കോൺഗ്രസ്കാർക്കെങ്കിലും താല്പര്യമുണ്ടാകും. അച്ചുതമേനോന്റെ നേതൃത്വത്തിലുള്ള വലത്-ലീഗ് കേരളാകോൺഗ്രസ് മുന്നണിക്കു തഴിഞ്ഞകാലത്ത് നേതാക്കൾ കോൺഗ്രസ്സിനെ അടിയറവെച്ചതിന്റെ ഫലമാണ് കോൺഗ്രസ്സിനു ഇന്നുണ്ടായ ദയനീയസ്ഥിതി എന്നു സമ്മതിക്കാനുള്ള ബുദ്ധിപരമായ സത്യസന്ധത കെ. കെ. വിശ്വനാഥനോ, എം. കെ. ആന്റണിക്കോ കെ. കരുണാകരനോ ഉണ്ടാകുമെന്നു കരുതേണ്ടതില്ല. നിലമ്പൂരിലെ കോൺഗ്രസ്സ് സ്ഥാനാർത്ഥി കുറുമുന്നണി മന്ത്രിസഭക്കു പിന്തുണ നൽകാമെന്ന് എഴുതികൊടുത്തിരുന്നില്ലെന്നും കെ. പി. സി. സി. നേതാക്കൾ പറഞ്ഞിട്ടുണ്ട്. സ്ഥാനസംരക്ഷണത്തിനുവേണ്ടി എന്തും പറയാനും പ്രവർത്തിക്കാനും മടിയില്ലാത്ത കഴിവ്കെട്ട നേതാക്കളാണിന്നു കോൺഗ്രസ്സിന്റെ തലപ്പത്തിരിക്കുന്നതെന്നും സാധാരണ കോൺഗ്രസ് പ്രവർത്തകർ വരെ മനസ്സിലാക്കിവരുന്നുണ്ടെന്നു തോന്നുന്നു.

ഇപ്പോൾ ബഹുഭൂരിപക്ഷം കോൺഗ്രസ്സുകാരുടെ പേരിൽ സിൻറിക്കേററുമായി ഐക്യമുണ്ടാക്കുന്നതിനു സംശയിക്കുകയാണ് വിശ്വനാഥൻ. വ്യക്തിപരമായി അദ്ദേഹത്തിനു അക്കാര്യത്തിൽ എതിർപ്പൊന്നുമില്ലെന്നും പറയുന്നു. ഈ പറഞ്ഞ കെ. കെ. വിശ്വനാഥൻ കൊട്ടാരക്കരയിൽ കോൺഗ്രസ് സ്ഥാനാർത്ഥിയെ നിർത്തി മൽസരിക്കണമെന്നു കൊല്ലം സി. സി. യും കൊട്ടാരക്കരയിലെ കോൺഗ്രസ് പ്രവർത്തകരും ഏക കണ്ഠമായി ആവശ്യപ്പെട്ടയവസരത്തിൽ എന്താണ് ചെയ്തതു്? അന്നു ഭൂരിപക്ഷം, കോൺഗ്രസ് പ്രവർത്തകരുടെ അഭിപ്രായത്തിനു വല്ല മാന്യതയും കല്പിച്ചിരിന്നുവോ? കൊട്ടാരക്കരയിൽ സ്ഥാനാർത്ഥിയെ നിരത്തണമെന്നു യൂത്ത് കോൺഗ്രസ്സ് സംസ്ഥാന സമ്മേളനത്തിൽ അഭിപ്രായംപറഞ്ഞ പ്രവർത്തകരെ എ. കെ. ആന്റണി ഗുണ്ടകളെക്കൊണ്ട് മർദ്ദിപ്പിക്കുകയല്ലേ ചെയ്തതു്. വലതു് കമ്യൂണിസ്റ്റു പാർട്ടിക്കു സ്തുതിപാടുന്ന പ്രമേയം പാസ്സാക്കുവാൻ യൂത്ത് കോൺഗ്രസ്സുകാരെ മർദ്ദിച്ചു പുറത്താക്കിയ ഇന്നത്തെ കെ. പി. സി. സി സെക്രട്ടറി കെ. കെ. വിശ്വനാഥന്റെയഭിപ്രായമുള്ളയാളായിരിക്കാതിരിക്കില്ല. അദ്ദേഹത്തിനു ബഹുഭൂരിപക്ഷം പ്രവർത്തകരുടെയഭിപ്രായത്തെ അവഗണിച്ച് തള്ളിയതിന് കെ. കെ. വിശ്വനാഥനും ഏതു മുന്നണിയിൽ ചേർന്നാലും അനുകരിക്കുമെന്നു കരുതണം.

“ആസന്നമായ ഇടക്കാല തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സ് ആരുടേയും വലായിത്തീരാൻ തയാറല്ലെന്നു’ കോൺസ്സിന്റെ ട്രഷറർ കെ. എം. ചാണ്ടിയും പ്രഖ്യാപിച്ചിരിക്കുന്നു. (കേരളാകൌമുദി ജൂലായ് 12) ഇടക്കാലതെരഞ്ഞെടുപ്പിൽ വാലായിത്തീരാൻ തയാറല്ലെന്നു പറയുന്ന കെ. എം. ചാണ്ടി പിന്നെ എപ്പോഴോക്കെയാണ് വാലായിത്തീരാൻ തയാറുള്ളതെന്നു പറഞ്ഞിട്ടില്ല. മുമ്പ് ഭരണമുന്നണിയുടെ വാലായിത്തീർന്നുവെന്നു കെ. എം. ചാണ്ടി പരോക്ഷമായി സമ്മതിക്കുകയാണ് ഈ പ്രസ്താവന വഴി ചെയ്തിരിക്കുന്നത്. തെരഞ്ഞെടുപ്പായപ്പോൾ വാലായിത്തീരാൻ തയാറല്ലെന്നു പറഞ്ഞ കെ. ചാണ്ടി ഒരു കാര്യം ഓർക്കേണ്ടതായിരുന്നു മുമ്പ് വാലായിത്തീർന്നതിന്റെ പരിണിത ഫലമാണ് ഇപ്പോഴും വാലൂരിച്ചാടാൻ സാധിക്കാത്ത നിലയിലെത്തിച്ചതെന്നു.

എന്തായാലും ശരി ഒന്നുകിൽ ഭരണമുന്നണിയുടെ വാലായിത്തീർന്നു കേരള കോൺഗ്രസ്സിനേയും മുസ്ലീംലീഗിനേയും ശരിപ്പെടുത്തുക അതല്ലെങ്കിൽ സിൻഡിക്കേററും കേരളാകോൺഗ്രസ്സും മുസ്ലീം ലീഗും ഉൾപ്പെട്ട മുന്നണിയുടെ വാലായിത്തീരുകയെന്ന ഗതികേടിലാണ് കെ. പി. സി. സി നേതാക്കൾ കോൺഗ്രസ്സിനെകൊണ്ട് ചെന്നെത്തിച്ചിട്ടുള്ളതു്. കുറുമുന്നണിക്കാർ ആപ്പിലാക്കിയ വാലൂരി പുറത്ത് വന്നു സ്വതന്ത്രമായി നിൽക്കാൻ സാദ്ധ്യതയുള്ള നിലപാട് വിശ്വനാഥനോ, ചാണ്ടിക്കോ, സി. എം. സ്റ്റീഫനോ സമ്മതവുമല്ല.

1965 മുതൽ അനുവർത്തിച്ചുവന്നതും 1967 ലെ തെരഞ്ഞെടുപ്പിനു ശേഷവും കോട്ടയത്ത് വെച്ച് ആവർത്തിച്ചു പ്രഖ്യാപിച്ചതുമായ നയം നേതൃത്വം ഏക പക്ഷീയമായി ഉപേക്ഷിച്ചിരിക്കുകയാണ്. സ്വന്തം ശക്തിയിലും ആദർശത്തിലും ഉറച്ചു നിന്നു കോൺഗ്രസ് ഒററക്ക് മത്സരിച്ചാൽ വിജയിക്കാൻ ഇതേററവും നല്ല സന്ദർഭമാണെന്നു കോൺഗ്രസ് റാഡിക്കൽ ഫോറം മാത്രമേ അഭിപ്രായപ്പെട്ടുകാണുന്നുള്ളു. മാർക്സിസ്റ്റ് കമ്യൂണിസ്റ്റ്കാരുടെ നേതൃത്വത്തിലുള്ള ഒരു മുന്നണിയും വലതുകാരും കേരള കോൺഗ്രസ്സും ലീഗും ചേർന്നു മറുവശത്തൊരുമുന്നണിയും ചേരനു കോൺഗ്രസ് വിരുദ്ധവോട്ടുകൾ വിഭജിച്ചാൽ കോൺഗ്രസിനു ഒററക്കു തന്നെ ഭൂരിപക്ഷം ലഭിക്കുമെന്നാണ് റാഡിക്കൽ ഫോറത്തിന്റെ കണക്കുകൂട്ടൽ. എല്ലാവരും എതിർത്തിട്ടും കഴിഞ്ഞ നഗരസഭാതെരഞ്ഞെടുപ്പിൽ കോൺഗ്രസ് വിജയിച്ച കാര്യം ഇവർ ചൂണ്ടിക്കാണിക്കുന്നു.

കോൺഗ്രസ് ഒററക്ക് മത്സരിക്കുന്നതി

നെപ്പററി കെ. പി. സി. സി. പ്രസിഡൻറ് കെ. കെ. വിശ്വനാഥൻ ചിന്തിക്കുന്നതുപോലുമില്ലെന്നു തോന്നുന്നു. ഒററക്ക് മത്സരിച്ചാൽ നിയമസഭയിൽ കോൺഗ്രസിനു ഭൂരിപക്ഷം കിട്ടുകയില്ലെന്നു കാലേക്കൂട്ടിത്തന്നെ വിശ്വനാഥൻ കൊല്ലത്ത് വെച്ച് പത്രലേഖകരോട് പറഞ്ഞുകഴിഞ്ഞു. ഇത്തരം പ്രസ്താവനചെയ്യുന്ന നേതാവിൻെറ നേതൃത്വത്തിലാണ് കോൺഗ്രസ് തെരഞ്ഞെടുപ്പിനെ നേരിടുന്നതെങ്കിൽ ഒററക്കല്ലാ കൂട്ടായി മത്സരിച്ചാലും ഭൂരിപക്ഷം കിട്ടുമോ എന്നു സംശയമാണ്. ഇനി രണ്ടു മുന്നണിക്കാരും കോൺഗ്രസിനെ കൂടെ കൂട്ടിയില്ലെങ്കിൽ വിശ്വനാഥൻ എന്തുചെയ്യും. കോൺഗ്രസ് തെരഞ്ഞെടുപ്പിൽ മത്സരിക്കേണ്ടെന്നു നിശ്ചയിക്കുമോ? അതോ ആരും കൂടെ കൂടാതെ വന്നാൽ ഒററക്കു മത്സരിക്കുമോ? ആരും മുന്നണിയിൽച്ചേർക്കയില്ലെന്ന ഗതികേട് വന്നാൽ മാത്രമേ കോൺഗ്രസ് ഒററക്ക് മത്സരിക്കുകയുള്ളുവെന്നല്ലേ വിശ്വനാഥൻ പറഞ്ഞതിൻെറയർത്ഥം? അങ്ങിനെയെങ്ങാനും ഒററക്കു മത്സരിക്കേണ്ടി വന്നാൽ വിശ്വനാഥൻ എന്തുപറഞ്ഞാണ് കോൺഗ്രസിനു വോട്ടു ചോദിക്കുക? നിയമസഭയിൽഭൂരിപക്ഷം കിട്ടുകയില്ലെന്നു സ്വയം പ്രഖ്യാപിക്കുന്ന ഒരു പാർട്ടിക്കു ആളുകൾ വോട്ടുചെയ്യണമെന്നു ആവശ്യപ്പെടാൻ എങ്ങനെ സാധിക്കും.

വാസ്തവത്തിൽ ഉറച്ച ഭരണം സ്ഥാപിക്കുന്നതിനുവേണ്ടി കോൺഗ്രസ്സ് പരിശ്രമിക്കുമെന്നാണ് കെ. പി. സി. സി. പ്രമേയം പാസ്സാക്കിയിരിക്കുന്നത്. വിശ്വനാഥൻെറ പ്രസ്താവനപ്രകാരമാണെങ്കിൽ കോൺഗ്രസ്സ് ഒററക്കു മൽസരിച്ചാൽ ഉറച്ച ഭരണം സ്ഥാപിക്കാൻ കോൺഗ്രസ്സിനു സാദ്ധ്യമല്ല. കാരണം ഒററക്കു മൽസരിച്ചാൽ ഭൂരിപക്ഷം കിട്ടില്ലെന്നു അദ്ദേഹം തന്നെ സമ്മതിച്ചിരിക്കുന്നതാണ്. ആ നിലക്ക് രണ്ടു മുന്നണിക്കാരും കോൺഗ്രസ്സിനെ കൂടെ ചേർക്കുന്നില്ലെങ്കിൽ ഉറച്ച ഭരണം സ്ഥാപിക്കാൻ വേണ്ടി കോൺഗ്രസ്സ് തെരഞ്ഞെടുപ്പിൽ മൽസരിക്കുകയില്ലെന്നു വിശ്വനാഥനു പ്രസ്താവിക്കേണ്ടിവരും. ഈ രീതിയിൽ കെ. പി. സി. സി. പ്രസിഡണ്ട് പ്രസ്താവന നടത്തിയാൽ കുറു മുന്നണിക്കാരായാലും കൊള്ളാം ജനാധിപത്യമുന്നണിക്കാരായാലും കൊള്ളാം കോൺഗ്രസ്സിനെ അടക്കി ഭരിക്കാതിരിക്കയില്ലെന്നു തീർച്ച.

കോൺഗ്രസ്സ് ഒററക്കു ഭരിക്കുകയില്ലെന്നു വിശ്വനാഥൻ ഉറപ്പിച്ചു പ്രസ്താവനവും നടത്തിക്കഴിഞ്ഞു. (ഇന്ത്യൻ എക്സ്പ്രസ് ജൂലായ് 13) ആ സ്ഥിതിക്കു ജൂലായ് 19നു- ചേരുന്ന പി. സി. സി. യോഗം ഭരണമുന്നണിക്കാരുമായി ധാരണയിലെത്തുകയോ അതല്ലെങ്കിൽ സിൻഡിക്കേററുകാരുമായി ധാരണയോ മുന്നണിയോ ഉണ്ടാക്കുകയോ ചെയ്യുമെന്നാണല്ലോ കരുതേണ്ടത്. ഭരണമുന്നണിക്കാർ കോൺഗ്രസ്സുമായി ധാരണയുണ്ടാക്കി മൽസരിക്കണമെന്ന് കോൺഗ്രസ്സുമായി ആലോചിക്കാതെ തന്നെ നിശ്ചയിച്ചുകഴിഞ്ഞു. കൂട്ടുകാർ കൈവിട്ടുപോകാതിരിക്കുന്നതിനു വേണ്ടി വലതു കമ്മ്യൂണിസ്ററുകാർ വെപ്രാളത്തോടെ പരിശ്രമിക്കുന്നുണ്ട്. ഭരണമുന്നണിയുടെ തെരഞ്ഞെടുപ്പുപ്രകടനപത്രികയെഴുതാൻ കമ്മിററിയെ തെരഞ്ഞെടുത്തുകഴിഞ്ഞു. കോൺഗ്രസ്സ് നേതാക്കൾ എന്നിട്ടും ഭിക്ഷാപാത്രവുമായി അലയുകയാണ്. ഭരണമുന്നണിക്കാർ തമ്മിൽ തമ്മിൽ സീററു വിഭജനവും നടത്തിക്കഴിഞ്ഞതായി റിപ്പോർട്ടുണ്ട്

കെ. കെ. വിശ്വനാഥൻ കോൺഗ്രസിനെ മാത്രമല്ലാ, കേരളാകോൺഗ്രസിനെ കൂടി കുഴപ്പത്തിലാക്കിയിരിക്കയാണെന്നു തോന്നുന്നു. ഭരണമുന്നണിക്കാർതെരഞ്ഞെടുപ്പ് പ്രകടനപത്രികയെഴുതാൻ കമ്മിററിയെ നിശ്ചയിക്കലും മററുമായി മുന്നോട്ടു പോകുമ്പോഴും ഒരു കണ്ണ് ഭരണമുന്നണിയിലും മറേറകണ്ണ് കമ്മ്യൂണിസ്ററിതര ജനാധിപത്യ മുന്നണിയിലുമായിക്കഴിഞ്ഞുകൂടേണ്ടിവന്നിരിക്കയാണ്. കേരളാ കോൺഗ്രസ്സിനു വലത് കമ്മ്യൂണിസ്ററ്കാരെയുപേക്ഷിച്ചു പോരാൻ കോരളാ കോൺഗ്രസിനു ഇപ്പോൾ ധൈര്യമില്ല. അങ്ങിനെ പോന്നാൽ കോൺഗ്രസ്കാർ മുന്നണിക്കു തയാറില്ലെങ്കിലോ എന്നാണ് അവരുടെ ഭയം. കോൺഗ്രസിൻെറ നയമാണെങ്കിൽ എന്താണെന്നൊട്ടു രൂപവുമില്ല. കെ. പി. സി. സി. യുടെ അടുത്ത യോഗം കമ്മ്യൂണിസ്ററിതര 'ജനാധിപത്യ മുന്നണി' വേണമെന്നു തീരുമാനിച്ചാൽ കേരളാകോൺഗ്രസ്സുകാർ ഭരണമുന്നണിവിട്ടു പോരുമെന്നതിൻെറ സൂചനകൾ ലഭിച്ചിട്ടുണ്ട്.

"ആസന്നമായ ഇടക്കാല തെരഞ്ഞെടുപ്പിൽ കേരളാ കോൺഗ്രസിനെ സംബന്ധിച്ചിടത്തോളം ഇന്നത്തെ കുറുമുന്നണിഅവസാനവാക്കല്ലെന്നാണ് കേരളാ കോൺഗ്രസ് നേതാവ് കെ എം. ജോർജ് പറഞ്ഞിട്ടുള്ളത്. (മാതൃഭൂമി ജൂലായ് 13)

കേരളാകോൺഗ്രസ് ഇപ്പോഴും ഭരണമുന്നണിയിൽ നിന്നു വിട്ടുപോകാൻ തയാറാണെന്നാണു കരുതേണ്ടത്. കേരളാ കോൺഗ്രസിൻെറ പ്രവർത്തക സമ്മേളനങ്ങളിൽ എല്ലാം തന്നെ കമ്മ്യൂണിസ്ററിതര ജനാധിപത്യമുന്നണി വേണമെന്ന് ശക്തിയായ അഭിപ്രായമുണ്ടായതായി റിപ്പോർട്ടുണ്ട്. സീററിൻെറ കാര്യത്തിലും കേരളാകോൺഗ്രസിനു കമ്മ്യൂണിസ്റ്റിതര മുന്നണിയായിരിക്കും മെച്ചം. കേരളാകോൺഗ്രസിനെ തങ്ങളുടെ കൂട്ടുകാരായി കിട്ടുമെന്ന പ്രതീക്ഷയിൽ സിൻഡിക്കേററു നേതാക്കളായ ടി. ഒ. ബാവയും കെ. സി. എബ്രഹാമും കമ്മ്യൂണിസ്റ്റിതര ജനാധിപത്യമുന്നണി വേണമെന്നു കൂടെക്കൂടെ പ്രസ്താവന പുറപ്പെടുവിക്കുന്നുണ്ട്. കാര്യമായ സീറെറാന്നും കിട്ടാതെ ഗതികെട്ട് കമ്മ്യൂണിസ്റ്റിതര ജനാധിപത്യമുന്നണിയിൽച്ചേരാൻ കോൺഗ്രസ് വരുമ്പോൾ അവരെ ഇളിഭ്യരാക്കിപ്പരിഹസിക്കാൻ തങ്ങൾക്ക് കഴിയുമെന്നാണ് സിൻഡിക്കേററു നേതാക്കളുടെ പ്രത്യാശ.

കേരളത്തിൽ നടക്കാൻ പോകുന്ന ഇടക്കാല തെരഞ്ഞെടുപ്പിലെ മുന്നണികളുടെ രൂപം എന്താകുമെന്നു ഇനിയും ഒരു ഉറപ്പു പറയാൻ പററാത്ത സ്ഥിതിയാണുള്ളത്. ജൂലായ് 19 നു- കെ. പി. സി. സി. തങ്ങളുടെ നിലപാട് വ്യക്തമാക്കുന്നതോടെ മാത്രമേ മുന്നണികളുടെ രൂപമെന്താകുമെന്നു പറയാനാവൂ. ഇനി ഒററയ്ക്കു മത്സരിക്കുമെന്നാണു കോൺഗ്രസ്സ് തീരുമാനിക്കുന്നതെങ്കിൽ അതു ഗതികേടുകൊണ്ടാണെന്ന ധാരണയുണ്ടാകാതെ തരമില്ല. അതു കോൺഗ്രസ്സിനു ദോഷം വരുത്തുകയും ചെയ്യും. ഒററക്കു മൽസരിക്കുന്നതെങ്കിൽ ഭൂരിപക്ഷം നേടുന്നതിനു ഇനി ഒരേയൊരു പോംവഴിയേയുള്ളു. മററു കക്ഷികളുമായി ഐക്യമു ാക്കണമെന്നു വാദിച്ചിരുന്ന നേതാക്കൾ സമ്പൂർണ്ണമായി നേതൃസ്ഥാനത്തു നിന്നു മാറാതെ തരമില്ല. നിയമസഭയിൽ ഭൂരിപക്ഷം നേടുന്നതിനു ആരുമായും നീക്കുപോക്കുണ്ടാക്കുമെന്നും ജയിക്കുകയും ഭരിക്കുകയും ആണ് തങ്ങളുടെ ലക്ഷ്യമെന്നും ഐക്യമുന്നണികൾ ജന വഞ്ചനയാണെന്നും പ്രഖ്യാപിച്ചുകൊണ്ട് മുന്നോട്ടുവരാൻ തയാറുള്ള ആദർശധീരമായ നേതൃത്വം ഉണ്ടാകുന്നെങ്കിലല്ലാതെ ഇനി കോൺഗ്രസ്സിനു ഒററക്കു ഭൂരിപക്ഷം നേടാൻ പ്രയാസമാണ്. പക്ഷെ അങ്ങിനെയൊരു നേതൃത്വം കോൺഗ്രസ്സിനുണ്ടാകുന്ന സാഹചര്യം ഇന്നില്ല— മാത്രമല്ല തങ്ങൾ ഇന്നലെവരെ പറഞ്ഞതിനും പ്രവർത്തിച്ചതിനും എതിരായി കെ. പി. സി. സി. തീരുമാനിച്ചാലും സ്ഥാനമൊഴിയണമെന്നു വിചാരിക്കാൻ തക്ക നീതിബോധമോ നാണമോ ഉള്ള നേതാക്കളും ഇപ്പോൾ നേതൃത്വത്തിലില്ല.

(ശേഷം 12-ൽ)

**രണ്ടാംപേജിൽ നിന്നും തുടർച്ച**

ജനവഞ്ചന നടത്താനുള്ള ഒരുക്ക കൂട്ടലല്ലാതെ മറ്റൊന്നുമല്ല. ഐക്യമുന്നണിയെന്നതു് അധികാരത്തിനുവേണ്ടിയുള്ള രാഷ്ട്രീയ തട്ടിപ്പു മാത്രമാണു്.

ഇന്നലെ വരെ ഏതൊരു രാഷ്ട്രീയ കക്ഷിയെ മുഖ്യ ശത്രുവായി പ്രഖ്യാപിച്ചുകൊണ്ടു് ഐക്യമുന്നണിയുണ്ടാക്കിയോ അതേ രാഷ്ട്രീയ കക്ഷിയുമായി ചേർന്നു പുതിയ മുന്നണിയുണ്ടാക്കാൻ 1967 ൽ അധികാരത്തിൽ വന്ന ഒരു രാഷ്ട്രീയ കക്ഷിയും മടികാണിക്കുന്നില്ല. കോൺഗ്രസ് വിരോധം മുദ്രാവാക്യമാക്കിയിരുന്ന ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടിയും ഐ. എസ് പി യും മുസ്ലീംലീഗും ആർ എസ് പി യും ഇന്നു് കോൺഗ്രസ്സുമായി ധാരണയുണ്ടാക്കാൻ വെമ്പുന്നു. അതേപോലെ തന്നെ കോൺഗ്രസ് വിരോധം എല്ലാ ഗ്രൂപ്പുകളുടേയും ലക്ഷണമായി കരുതിയിരുന്ന എസ്. എസ് പിക്കാർ, കോൺഗ്രസ്സിൻെറ എല്ലാ കുറവുകൾക്കും കാരണക്കാരായവരിൽ മുമ്പന്മാരും അടുത്ത ദിവസം മാത്രം കോൺഗ്രസിൽ നിന്നു വിട്ടുപോയവരുമായി പ്രത്യക്ഷത്തിലും പരോക്ഷത്തിലും തെരഞ്ഞെടുപ്പ് ധാരണയുണ്ടാക്കുവാൻ തയ്യാറെടുക്കുകയും ചെയ്യുന്നു. കോൺഗ്രസിനോടുള്ള ശത്രുത കൊണ്ടു് മാത്രം ഒന്നിച്ചിരുന്നവർ ഇന്നു കോൺഗ്രസിൻെറയോ പഴയ കോൺസ്സുകാരുടെയോ സഹായത്തിനും പിന്തുണക്കും വേണ്ടി കെഞ്ചുകയാണു്. കോൺഗ്രസിനൊഴികെ മറ്റൊരു കക്ഷിക്കും ഇന്ത്യയിൽ വ്യാപകവും ബഹുജനങ്ങളെ സ്വാധീനിക്കുന്നതുമായ രാഷ്ട്രീയ ചലനമുണ്ടാക്കാൻ സാദ്ധ്യമല്ലെന്നു കോൺഗ്രസിതര രാഷ്ട്രീയകക്ഷികൾ സമ്മതിച്ചിരിക്കുന്നു.

അങ്ങിനെ കോൺഗ്രസിൻെറ ശക്തിയംഗീകരിക്കാൻ രാഷ്ട്രീയകക്ഷികൾ നിർബ്ബന്ധിതമായ സാഹചര്യത്തിൽ നടക്കുന്നതാണു കേരളത്തിലെ ഇടക്കാലതെരഞ്ഞെടുപ്പു. പക്ഷെ മുമ്പെന്നത്തെക്കാളും കോൺഗ്രസിൻെറ ശബ്ദം ദുർബ്ബലമാകുന്ന വിരോധാഭാസം ഇന്നു കാണുന്നു. കേരളത്തിലെ കോൺഗ്രസ് നേതാക്കൾ അനുവർത്തിച്ച ഭാവനാശൂന്യമായ നയത്തിൻെറ ദുരന്തം കോൺഗ്രസ്‌കാരും നാട്ടുകാരും അനുഭവിക്കേണ്ടി വന്നിരിക്കുന്നു. കെ. പി. സി. സി. നേതാക്കളുടെ ദുർബ്ബലവും ദീർഘവീക്ഷണവുമില്ലാത്തതുമായ നയം കോൺഗ്രസിനെ വിദേശ നിയന്ത്രണത്തിലുള്ള വലതു് കമ്യൂണിസ്റ്റ് പാർട്ടിയുടേയും വലതുപക്ഷ പിന്തിരിപ്പൻ വർഗീയ കക്ഷികളായ കേരളാകോൺഗ്രസ്–മുസ്ലിംലീഗ് കക്ഷികളുടേയും ആജ്ഞാനുവർത്തിയാക്കിയിരിക്കുകയാണു്.

രാജ്യത്തിൻെറ സോഷ്യലിസ്റ്റ് പരിവർത്തനം നടത്തുന്നതിനുള്ളയുപകരണമാക്കി കോൺഗ്രസിനെ മാറ്റുന്നതിനുവേണ്ടിയുള്ള ശ്രമം ഊർജ്ജിതപ്പെടുത്തണമെന്നാഗ്രഹിക്കുന്ന യഥാർത്ഥ കോൺഗ്രസ്സുകാർ നേതൃത്വത്തിൻെറ തെറ്റായ നീക്കത്തിനെതിരെ അപ്പഴപ്പോൾ മുന്നറിയിപ്പുകൾ നൽകിയിട്ടുണ്ടു. സോഷ്യലിസ്റ്റ് പരിവർത്തന വാദികളുടെ നേതാവായ എം. എ. ജോൺ ദീർഘ വീക്ഷണത്തോടെ നൽകിയ മുന്നറിയിപ്പുകൾ പ്രത്യേകം അനുസ്മരിക്കേണ്ടതാണു്. കോൺഗ്രസിലെ പിളർപ്പിനു മുമ്പ്‌തന്നെ കേരളാ കോൺഗ്രസിനെപോലുള്ള പിന്തിരിപ്പൻ ശക്തികളുമായി ബന്ധംസ്ഥാപിക്കുന്നതിനെതിരായി പരിവർത്തന വാദികൾ ശബ്ദമുയർത്തിയിരുന്നു. കൊച്ചികോപ്പറേഷൻ തെരഞ്ഞെടുപ്പിൽ കേരളാകോൺഗ്രസ്സുമായി കോൺഗ്രസ് ഐക്യമുണ്ടാക്കിയതിനെ എം. എ. ജോൺ ധീരമായി എതിർത്തു. എന്നാൽ പരിവർത്തനവാദികൾക്കു നേതൃത്വം നൽകിയ എം. എ. ജോണിനെ പിന്തിരിപ്പൻ—വർഗീയ ശക്തികളുടെ സ്വാധീനത്തിൽപ്പെട്ട കെ. പി. സി. സി. നേതൃത്വം സംഘടനയിൽ നിന്നു പുറത്താക്കി. ജനാധിപത്യമര്യാദകളെയും കോൺഗ്രസ് ഭരണഘടനയേയുംലംഘിച്ചുകൊണ്ടു് കെ. പി. സി. സി. നേതാക്കൾ എടുത്ത നടപടിയെ എതിർക്കേണ്ടിയിരുന്ന യൂത്ത് കോൺഗ്രസ് നേതാക്കൾ അതിനു പിന്തുണ നൽകുകയാണു് ചെയ്തതു്. കൊച്ചികോർപ്പറേഷൻ തെരഞ്ഞെടുപ്പിൽ കേരളാകോൺഗ്രസ്സുമായി ഉണ്ടാക്കിയ രേഖാമൂലമായ ഐക്യമുന്നണിയെ യൂത്ത് കോൺഗ്രസ് നേതൃത്വം അംഗീകരിക്കുകയും ചെയ്തു.

പരിവർത്തനവാദികളായ യുവാക്കളേയും വിദ്യാർത്ഥികളേയും ഞെട്ടിപ്പിക്കുന്ന തരത്തിൽ യൂത്തു് കോൺഗ്രസ് നേതാക്കൾ പിന്തിരിപ്പൻ നയമാണു് പിന്നീടവലംബിച്ചതു്. സോഷ്യലിസ്റ്റ് പരിവർത്തനത്തിനുവേണ്ടി കോൺഗ്രസിനെ ഉപകരണമാക്കുക എന്ന കടമ നിർവ്വഹിക്കുന്നതിൽ യൂത്തു് കോൺഗ്രസ് നേതാക്കൾ പരാജയപ്പെട്ടു. അതോടെ യൂത്തു് കോൺഗ്രസ് അണികളിലും കെ. എസ്. യു. വിലും ഭിന്നിപ്പുകളുമുണ്ടായി. ഈ സംഘടനകളുടെ അണികളിൽനിന്നു നേതൃത്വത്തിനെതിരെ രൂക്ഷമായ വിമർശനം ഉയർന്നുവന്നു. നേതൃത്വം പിന്തിരിപ്പൻ വർഗ്ഗീയ കൂട്ടുകെട്ടിൽ അകപ്പെട്ടു എന്നു ആരോപണം ശക്തമായുണ്ടായിരുന്ന സന്ദർഭത്തിലാണു് അഖിലേന്ത്യാടിസ്ഥാനത്തിൽ കോൺഗ്രസ് സംഘടന പിളർന്നതു്. അണികളെ പിടിച്ചുനിർത്താൻ ഇതാ ഏറ്റവും നല്ല അവസരം ലഭിച്ചു. എന്നു കരുതി യൂത്തു് കോൺഗ്രസ് നേതാക്കൾ ഇന്ദിരാഗാന്ധിയുടെ നേതൃത്വത്തിലുള്ള കോൺഗ്രസിനു് പിന്തുണ പ്രഖ്യാപിക്കുകയും സിൻഡിക്കേറ്റു് നേതാക്കളെ എതിർക്കുന്നതിനായി മുന്നോട്ടുവരുകയും ചെയ്തു. കോൺഗ്രസിലെ ഭിന്നിപ്പ് സംഘടനയുടെ സോഷ്യലിസ്റ്റ് പരിവർത്തനത്തിനു് വേഗതകൂട്ടാനുള്ള സന്ദർഭമായി യൂത്തു് കോൺഗ്രസ് നേതാക്കൾ ഉപയോഗപ്പെടുത്തുമെന്നാണു് പരിവർത്തനവാദികളായ യുവാക്കൾ വിശ്വസിച്ചതു്. പക്ഷേ നേതൃത്വം പഴയ തെറ്റു് ആവർത്തിച്ചു എന്നു മാത്രമല്ല, പിന്തിരിപ്പൻ ശക്തികളുടെ സ്വാധീനത്തിൽ കൂടുതൽ അമരുകയും ചെയ്തു. ഇതിൻെറ ഫലമായി അണികളുടെ പ്രതീക്ഷക്കും ആഗ്രഹത്തിനും വിപരീതമായി കോൺഗ്രസിൽനിന്നു പുറത്താക്കപ്പെട്ട എം. എ. ജോണിനെ സംഘടനയിലേക്കു് തിരിച്ചുകൊണ്ടുവരുന്നതിനെ യൂത്തു് കോൺഗ്രസ് ചെറുത്തുതോൽപ്പിക്കുന്നതിനാണു് ശ്രമിച്ചതു്.

വർഗീയ പിന്തിരിപ്പൻ കക്ഷിയായ കേരളാകോൺഗ്രസ്സുമായി മുമ്പേതന്നെ കൂട്ടുകെട്ടിലേർപ്പെട്ടിരുന്ന കെ. പി. സി. സി. നേതൃത്വം യൂത്ത്‌കോൺഗ്രസ് നേതാക്കളുടെ പിന്തുണ ലഭിച്ചതോടുകൂടി വലതുകമ്യൂണിസ്റ്റ് നേതൃത്വത്തിലുള്ള കേരളാകോൺഗ്രസ്, മുസ്ലീംലീഗ ഭരണത്തെ നിരുപാധികം താങ്ങിനിർത്താനാരംഭിച്ചു. യൂത്ത് കോൺഗ്രസിന്റെ പാലക്കാട്ടു് സമ്മേളന തീരുമാനങ്ങൾക്കും കോൺഗ്രസിൻെറ കോട്ടയം സമ്മേളന തീരുമാനത്തിനും കടകവിരുദ്ധമായി കോൺഗ്രസ് നേതാക്കൾ നയപരിപാടികൾ ആവിഷ്കരിച്ചു. യൂത്ത് കോൺഗ്രസിൻെറ എറണാകുളത്തുചേന്ന സംസ്ഥാന സമ്മേളനം വലതു് കമ്യൂ. നേതൃത്വത്തിലുള്ള വർഗീയ പിന്തിരിപ്പൻ നേതൃത്വത്തിനു് പിന്തുണ പ്രഖ്യാപിച്ചു. സ്വന്തം ആദർശങ്ങളിലുറച്ചു നിന്നു പാർട്ടി

നിർണ്ണയം

യുടെ മുൻ തീരുമാനങ്ങളനുസരിച്ചു കൊട്ടാരക്കരയിലെ ഉപതെരഞ്ഞെടുപ്പിൽ സ്വന്തം സ്ഥാനാർത്ഥിയെ നിർത്തി മത്സരിക്കണമെന്നാവശ്യപ്പെട്ടവരെ അച്ചടക്ക നടപടികൾകൊണ്ടു് നിശ്ശബ്ദരാക്കാൻ വ്യഗ്രതപൂണ്ടു.

കെ. പി. സി. സി. നേതാക്കളുടേയും യൂത്ത് കോൺഗ്രസ് നേതാക്കളുടേയും വഴിപിഴച്ച നയത്തിനെതിരെ പരിവർത്തന വാദികൾ മുന്നറിയിപ്പു നൽകിയിരുന്നു. കോൺഗ്രസ് വലതിന്റെ വാലാകരുതെന്നു് എം. എ. ജോൺ താക്കീതു നൽകി. ‘‘കൊട്ടാരക്കരയിലെ ഉപതെരഞ്ഞെടുപ്പിൽ ഓരോ രാഷ്ട്രീയ കക്ഷിയും സ്വീകരിക്കുന്ന സമീപനത്തിനു് വളരെ പ്രാധാന്യമുണ്ടു്. ഭരണ കക്ഷികളോടു് ഓരോ രാഷ്ട്രീയ കക്ഷിയും എടുക്കുന്ന നിലപാടു് കൊട്ടാരക്കര ഉപതെരഞ്ഞെടുപ്പിലെ സമീപനത്തിലൂടെയാണു് വ്യക്തമാക്കപ്പെടാൻ പോകുന്നതു്. കോൺഗ്രസിലെ ഭിന്നിപ്പിനു ശേഷം നടക്കാൻ പോകുന്ന ആദ്യത്തെ ഉപതെരഞ്ഞെടുപ്പു് എന്ന നിലയിൽ ഭാവിയിൽ കോൺഗ്രസ് സ്വീകരിക്കാൻ പോകുന്ന നയപരിപാടികളും കൊട്ടാരക്കരയിൽ പ്രകടമാക്കേണ്ടതായിരിക്കുന്നു.’’

“............കേരളത്തിലും തുടക്കത്തിൽ അച്ചുതമേനോൻ മന്ത്രിസഭയെ എന്തുചെയ്തും നിലനിർത്തുകയാണു് തങ്ങളുടെ നയമെന്ന പ്രഖ്യാപനമാണു് വാസ്തവത്തിൽ കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ പാർട്ടി സ്ഥാനാർത്ഥിയെ നിർത്തേണ്ടതില്ലെന്നു് കെ.പി.സി.സി. അഡ ഹോ കമ്മററി തീരുമാനിച്ചതിന്റെ അർത്ഥം.”

“ഒന്നാമതായി വരുന്ന പൊതുതെരഞ്ഞെടുപ്പു വരെ അച്ചുതമേനോൻ മന്ത്രിസഭ നിലനിൽക്കണമെന്നു് അഡ് ഹോക്കമ്മററി പ്രതീക്ഷിക്കുന്നുണ്ടോ? മേനോൻ മന്ത്രിസഭയിൽ കോൺഗ്രസ്സ് പങ്കാളിയല്ല. മന്ത്രിസഭ തുടരുകയോ തകരുകയോ ചെയ്യുന്നതിൽ കോൺഗ്രസ്സിനു് പ്രത്യേക വേവലാതിക്കൊന്നും കാര്യമില്ല.”

നിർണ്ണയം

............ഉപതിരഞ്ഞെടുപ്പിൽതന്നെ വ്യക്തിത്വം നഷ്ടപ്പെടുത്തുന്നതിന്റെ ഫലമായി അടുത്ത ഉപതിരഞ്ഞെടുപ്പിൽ ഭരണകക്ഷിക്കാരുമായി കണക്കുപറഞ്ഞു് സീററുകൾ മേടിക്കുക അസാദ്ധ്യമായിത്തീരും. ഭരണകക്ഷിക്കാർ ദയാപൂർവ്വം വച്ചുനീട്ടുന്ന സ്ഥാനങ്ങൾ കൈനീട്ടി മേടിക്കുക മാത്രമല്ലാതെ കോൺഗ്രസ്സിനു് ഗത്യന്തരമില്ലാതെ വരുന്നതാണു്........ഇങ്ങനെ പങ്കുവഹിക്കുന്നതിൽ ഭൂരിഭാഗവും കോൺഗ്രസ്സിനു് ലഭിച്ചുവെന്നാൽത്തന്നെ മുപ്പത്തഞ്ചോ നാല്പതോ സ്ഥാനങ്ങളാണു് മത്സരിക്കാൻ കിട്ടുന്നതു്.”

“ഇന്നത്തെ ഭരണകക്ഷിയുമായി തെരഞ്ഞെടുപ്പു ധാരണയോ ഐക്യമുന്നണിയോ ഉണ്ടാക്കുന്നതുകൊണ്ടു് കോൺഗ്രസ്സിനു് ഒററസ്ഥാനം പോലും കൂടുതലായി കിട്ടുകയില്ല............ എന്നാൽ കോൺഗ്രസ്സിന്റെ വോട്ടുകൾകൊണ്ടു് കേരളാ കോൺഗ്രസ്സും മുസ്ലീംലീഗും വലതു കമ്മ്യൂണിസ്റ്റു് പാർട്ടിയും കൂടുതൽ സ്ഥാനങ്ങൾ കരസ്ഥമാക്കി നിയമസഭയിലെത്തുകയും ചെയ്യും. പേരിനു പോലും ഒരു കോൺഗ്രസ്സുകാരൻ നിയമസഭയിൽ ഉണ്ടാകാനിടവരാത്ത സ്ഥിതിയാണു് അഡ്ഹോക്കമ്മററിയുടെ ഭാവനാശൂന്യമായ നയം വരുത്തിവെക്കാൻ പോകുന്നതെന്നു് കോൺഗ്രസ്സുകാർ നല്ലവണ്ണം മനസ്സിലാക്കിയിരിക്കണം.................. അന്തസ്സാരശൂന്യമായ മാർക്സിസ്ററ വിരോധം കോൺഗ്രസ്സിനും ജനാധിപത്യത്തിനും വരുത്തിവെക്കാൻ പോകുന്ന ദുരന്തഫലങ്ങൾ ഇനിയുമുണ്ടു്.”

................ .“കൊട്ടാരക്കരയിൽ സ്വന്തം സ്ഥാനാർത്ഥിയെ നിർത്തി മത്സരിക്കുകയല്ലാതെ മറെറാരു പോംവഴിയും കോൺഗ്രസ്സിനില്ല.............. ഭിന്നിച്ചുപോയ സിൻഡിക്കേററുകാർ വലതുപക്ഷ വർഗ്ഗീയ പിന്തിരിപ്പൻ കൂട്ടുകെട്ടുള്ളവരാണെന്നു് കോൺഗ്രസ്സ് ആരോപിക്കുമ്പോൾ വലതുപക്ഷ പിന്തിരിപ്പൻ വർഗ്ഗീയ ശക്തികളായ കേരളാ കോൺഗ്രസ്സ് മുസ്‌ലീംലീഗ് കക്ഷികളോടൊന്നിച്ചു് നില്ക്കാൻ കോൺഗ്രസ്സിനെങ്ങിനെ കഴിയും?’’

“കൊട്ടാരക്കരയിൽ കോൺഗ്രസ്സ് സ്വന്തം സ്ഥാനാർത്ഥിയെ നിർത്തി മത്സരിക്കുകതന്നെ വേണം. ആ മത്സരത്തിൽ കോൺഗ്രസ്സിന്റെ സ്ഥാനാർത്ഥി ഏററവുമധികം വോട്ടുകൾ നേടി നിയമസഭയിലേക്കു് തെരഞ്ഞെടുക്കപ്പെടുകയില്ലായിരിക്കാം. പക്ഷെ അടുത്ത നിയമസഭയിൽ ഏററവും വലിയ കക്ഷിയായി ഭരണം തന്നെ കോൺഗ്രസ്സ് നേടുമെന്നതിന്റെ നാന്ദി കുറിക്കുകയായിരിക്കും കൊട്ടാരക്കരയിലെ മത്സരം.”

“കേരളത്തിലെ കോൺഗ്രസ്സിനകത്തെ ഒന്നാം സിൻഡിക്കേററാണു് കേരളാ കോൺഗ്രസ്സ്. അതേപോലെ തന്നെ ജനസംഘത്തിനു് പറയത്തക്ക സ്വാധീനമില്ലാത്ത കേരളത്തിലെ ഒന്നാം കിട വർഗ്ഗീയകക്ഷിയാണു് മുസ്ലീംലീഗ്. കുറെ വർഷങ്ങൾക്കുശേഷം ആദ്യമായി മാർക്സിസ്ററ കമ്മ്യൂണിസ്ററുകാരും കോൺഗ്രസ്സുകാരും ഒരേപോലെ വർഗ്ഗീയ പിന്തിരിപ്പൻ കക്ഷികളായ മുസ്ലീംലീഗ് കേരളാ കോൺഗ്രസ്സ് പാർട്ടികൾക്കെതിരെ ശക്തമായ പ്രചരണം നടത്താൻ പോകുന്നതു് കൊട്ടാരക്കരയിലായിരിക്കും. ജനാധിപത്യസോഷ്യലിസ്റ്റു് കക്ഷികളുടെ തലയിൽ കയറിയിരുന്നു് സ്വന്തം തടി വീർപ്പിച്ചുകൊണ്ടിരുന്ന ഈ പിന്തിരിപ്പൻ ശക്തികൾക്കെതിരെ ശക്തമായ ആക്രമണം നടത്താൻ അവസരം ലഭിക്കുകയാണു് മാർക്സിസ്ററു് വിരോധത്തിൽ സ്വാധീനിക്കപ്പെട്ടുകിടക്കുന്ന കോൺഗ്രസ്സ് പ്രവർത്തകരെ അതിൽനിന്നു് മോചിപ്പിക്കാനും കൊട്ടാരക്കരയിലെ മത്സരം ഉപകരിക്കും.”

“എന്തുവന്നാലും ഇതുമൂലം അച്ചുതമേനോൻമന്ത്രിസഭക്കു് പിന്തുണ നൽകുമെന്ന നിലയിൽ നിന്നും കോൺഗ്ര

സ്സ് വിമുക്തമാകുന്നതായിരിക്കും. ലക്ഷ്യത്തെ മുൻനിർത്തി പ്രശ്നങ്ങളെ വിലയിരുത്തിക്കൊണ്ടുള്ളതായിരിക്കും കോൺഗ്രസ്സ് മററു രാഷ്ട്രീയകക്ഷികളോടും ഭരണത്തോടും സ്വീകരിക്കുന്ന നയമെന്ന് കൊട്ടാരക്കരയിലെ മത്സരം വഴി ജനങ്ങളോട് പ്രഖ്യാപിക്കാൻ കോൺഗ്രസ്സിനു കഴിയുന്നതാണ്. കൊട്ടാരക്കരയിലെ പ്രഖ്യാപനം ഇന്ത്യയുടെ ഒട്ടകെയുള്ള രാഷ്ട്രീയഭാവിയുടെ നിർണ്ണായക ഘട്ടത്തെയായിരിക്കും സൂചിപ്പിക്കുന്നതു്.”

“............കെ. പി. സി. സി. അഡ്ഹോക്ക് കമ്മററി ഇതു് മനസ്സിലാക്കാൻ കൂട്ടാക്കുന്നില്ലെങ്കിൽ സോഷ്യലിസ്ററുകാരായ കോൺഗ്രസ്സുകാർ അവരെ അതു മനസ്സിലാക്കിക്കൊടുക്കണം. അങ്ങിനെ മനസ്സിലാക്കുമ്പോൾ കൊട്ടാരക്കരയിലെ ഉപതെരഞ്ഞെടുപ്പിൽ കോൺഗ്രസ്സ് സ്വന്തം സ്ഥാനാർത്ഥിയെ നിർത്തി മത്സരിക്കേണ്ടതിന്റെ ആവശ്യം അവർക്കു ബോധ്യപ്പെടും. മാർക്സിസ്ററുകാരെ ഒററപ്പെടുത്തുക എന്ന മുദ്രാവാക്യം അർത്ഥശൂന്യമാണ്. ഈ മുദ്രാവാക്യം ഇന്നു മുഴക്കുന്നതുകൊണ്ടു് ഫലത്തിൽ കോൺഗ്രസ്സ് ആത്മഹത്യചെയ്യുകയോ വലതിന്റെ വാലാവുകയോ ആണ് സംഭവിക്കുന്നതു്.” (എം. എ. ജോൺ — 'കോൺഗ്രസ്സ് വലതിന്റെ വാലാകരുതു്' — നിർണ്ണയം വാരിക, 1970 ഫെ 15- ലക്കം-3)

സോഷ്യലിസ്റ്റ് പരിവർത്തനവാദികൾക്കു വേണ്ടി എം. എ ജോൺ നൽകിയ ഈ മാർഗ്ഗനിർദ്ദേശത്തെ അനുസരിക്കാൻ സ്ഥാപിത താൽപ്പര്യത്തിൽ കുടുങ്ങിയ കെ. പി സി. സി. നേതൃത്വം തയ്യാറായില്ല. കോൺഗ്രസിനെ പുരോഗമനപരമായ നടപടികളെടുക്കാൻ നിർബ്ബന്ധിതമാക്കുകയെന്ന കടമ നിർവഹിക്കുന്നതിൽ യൂത്ത് കോൺഗ്രസ് നേതാക്കൾ പരാജയപ്പെടുകയും ചെയ്തു.

മുൻകാലങ്ങളിൽ കോൺഗ്രസ് സംഘടനയെ ഉപകരണമാക്കിക്കൊണ്ടു് രാജ്യവ്യാപകമായ സോഷ്യലിസ്റ്റ് പരിവർത്തനത്തെ ത്വരിതപ്പെടുത്തുകയും ചെയ്യുക എന്ന കടമ സോഷ്യലിസ്റ്റ് ഫോറവും കേരളത്തിലെ യൂത്ത്കോൺഗ്രസ്സും നിർവഹിച്ചുവന്നു. സോഷ്യലിസ്ററ്-ജനാധിപത്യം, മതേതരത്വം, ദേശീയത എന്നിങ്ങനെ കോൺഗ്രസിന്റെ ലക്ഷ്യങ്ങളോടു് അടുപ്പിക്കുന്ന ഏതൊരു നീക്കത്തിനും പിന്തുണ നൽകുന്നതിനും ആ ലക്ഷ്യങ്ങളെ സാക്ഷാത്ക്കരിക്കുന്നതിനു വേണ്ടി വിട്ടുവീഴ്ചയില്ലാതെ നിലകൊള്ളുന്നതിനും സോഷ്യലിസ്ററ് ഫോറവും യൂത്ത്കോൺഗ്രസ്സും പ്രതിജ്ഞാബദ്ധവുമായിരുന്നു. എന്നാൽ വർഗീയ-പിന്തിരിപ്പൻ കക്ഷികളുടെ കൂട്ടുകെട്ടിൽ അകപ്പെട്ടു പോയ യൂത്ത് കോൺഗ്രസ് നേതാക്കൾ അവരുടെ സംഘടനയുടെ ലക്ഷ്യങ്ങളും കടമകളും നിറവേററുന്നതിൽ പരാജയപ്പെട്ടു. കെ. പി. സി. സി നേതൃത്വവും കേരളത്തിലെ യൂത്ത്കോൺഗ്രസ് നേതൃത്വവുമൊന്നായിത്തീർന്ന സന്ദർഭത്തിലാണ് വർഗീയ-പിന്തിരിപ്പൻ ശക്തികളെ ബലപ്പെടുത്തുന്ന നയപരിപാടികൾ കോൺഗ്രസ് സ്വീകരിക്കുന്നതെന്നതിൽ ശക്തിയായി പ്രതിഷേധിക്കേണ്ടിയിരിക്കുന്നു. യൂത്ത്കോൺഗ്രസിന്റെ അണികളിൽ ഇതിനകം നേതൃത്വത്തിനെതിരായി ഉരുണ്ടുകൂടിക്കൊണ്ടിരുന്ന പ്രതിഷേധത്തിനു് രൂപം കൊടുക്കുന്നതിനോ യൂത്ത്കോൺഗ്രസിന്റെ കടമകൾ കൂടുതൽ കാര്യക്ഷമമായി ഏറെറടുത്തു നടത്തുന്നതിനും ഒരു വേദി ആവശ്യമായിവന്നു. ഈ കടമ നിർവഹിക്കുവാൻ സാധിക്കുമായിരുന്ന സോസ്യലിസ്ററു ഫോറം കോൺഗ്രസിലെ പിളർപ്പിനെത്തുടർന്നു തകർന്നു പ്രവർത്തനക്ഷമമല്ലാതായിത്തീർന്നു. കോൺഗ്രസ് റാഡിക്കൽ ഫോറമാണ് കേരളത്തിലെ. യുവാക്കൾക്കു് ഈ കടമ നിർവഹിക്കുന്നതിനു് ഇന്നവലംബമായിട്ടുള്ളതു്. മുമ്പു് കേരളത്തിലെ യൂത്ത്കോൺഗ്രസ്സും സോഷ്യലിസ്ററ് ഫോറവും നിർവഹിച്ചിരുന്ന കടമ കൂടുതൽ കാര്യക്ഷമമായും ലക്ഷ്യബോധത്തോടേയും ദേശീയാടിസ്ഥാനത്തിൽ നിർവ്വഹിക്കുന്നതാണ് കോൺഗ്രസ്സ് റാഡിക്കൽ ഫോറമെന്നു് കേരളത്തിലെ കോൺഗ്രസ്സുകാർ മനസ്സിലാക്കുന്നുണ്ടു്. അതിനാൽ കോൺഗ്രസ് റാഡിക്കൽ ഫോറത്തിന്റെ മാർഗനിർദ്ദേശം സ്വീകരിക്കുന്നതിനു് കോൺഗ്രസ് നേതൃത്വം തയ്യാറാകുമെന്നു് കേരളത്തിലെ കോൺഗ്രസ് പ്രവർത്തകർ പ്രതീക്ഷിക്കുന്നു.

കോൺഗ്രസ് റാഡിക്കൽ ഫോറത്തെ സംബന്ധിച്ചിടത്തോളം കേരളത്തിൽ വരാൻ പോകുന്ന ഉപതെരഞ്ഞെടുപ്പിൽ കോൺഗ്രസിന്റെ നയമെന്തായിരിക്കണമെന്നതിനെ സംബന്ധിച്ച് വ്യക്തമായ അഭിപ്രായമുണ്ടു്. പാർട്ടിയുടെ ആദർശങ്ങളിൽ ഉറച്ചുനിന്നു കൊണ്ടു്, വർഗീയ പിന്തിരിപ്പൻ കക്ഷികളുമായി ഐക്യമുന്നണിയോ കൂട്ടുകെട്ടോ ഉണ്ടാക്കാതെ സ്വന്തം ബലത്തിൽ കോൺഗ്രസ് തെരഞ്ഞെടുപ്പിൽ മത്സരിക്കണമെന്നാണ് കോൺഗ്രസ് റാഡിക്കൽ ഫോറത്തിന്റെ ഉറച്ചഅഭിപ്രായം. 1965 മുതൽ കേരളത്തിലെ കോൺഗ്രസ് ഈ നിലപാടാണ് സ്വീകരിച്ചിട്ടുള്ളതു്. 1967 ൽ നടന്ന തെരഞ്ഞെടുപ്പിലും കോൺഗ്രസ് ഇതേ നിലപാടിൽ ഉറച്ചുനിന്നു. എല്ലാ കോണുകളിൽ നിന്നുമുണ്ടായ സംഘടിതവും സുശക്തവുമായ എതിർപ്പുകളെ നേരിടേണ്ടിവന്നിട്ടും വർഗീയ പിന്തിരിപ്പൻ ശക്തികളുടെ സ്വാധീനത്തിലകപ്പെട്ടുപോയ ഗണ്യമായ ഒരു വിഭാഗത്തിന്റെ പിന്തുണ നഷ്ടപ്പെട്ടിട്ടും കോൺഗ്രസിനു് കേരളത്തിലുള്ള ജനസ്വാധീനത്തിൽ ഒട്ടും കുറവുവന്നില്ലെന്നു മാത്രമല്ല അതുകൂടുതൽ ഉണ്ടായി എന്നും രണ്ടു തെരഞ്ഞെടുപ്പുകളിലും ലഭിച്ച വോട്ടുകൾ വ്യക്തമാക്കുന്നു. എന്നാൽ ഏററവും പ്രബലശക്തിയായ കോൺഗ്രസിനെ തോൽപ്പിക്കുക എന്നതിലൊഴികെ മറെറാന്നിലും യോജിപ്പില്ലാതിരുന്ന എല്ലാ രാഷ്ട്രീയകക്ഷികളും ഒന്നിച്ചെതിർത്തതുകൊണ്ടു മാത്രം നിയമസഭയിൽ ശക്തിക്കനുസൃതമായ സ്ഥാനം നേടാൻ കോൺഗ്രസിനു സാധിച്ചില്ല.

കഴിഞ്ഞകാലങ്ങളിലെ കൂട്ടുകക്ഷിഭരണങ്ങളുടേയും ഐക്യമുന്നണികളുടേയും പ്രവർത്തനത്തെ വിലയിരുത്തിക്കൊണ്ടു് അനുഭവങ്ങളെ മുൻനിരത്തിയാണ് 1965 ലും 1967ലും കോൺഗ്രസ് ഒററക്കു് തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ നിശ്ചയിച്ചതു്. 1952ലും 1954ലും 1955ലും 1960 ലും കോൺഗ്രസ് മുൻകയ്യെടുത്തു് ഉണ്ടാക്കിയ ഐക്യകക്ഷിഭരണങ്ങൾ തകർന്നുവീണു. കോൺഗ്രസ് ഉപേക്ഷിച്ചതായ മാർഗ്ഗം പിന്നീട് കോൺഗ്രസ് വിരുദ്ധ രാഷ്ട്രീയ കക്ഷികൾ ഏറെറടുക്കുകയും ഏററവും പ്രബല കക്ഷിയായ കോൺഗ്രസ്സിനെ തോല്പിക്കുന്നതിനു് ഐക്യമുന്നണികളും കൂട്ടുകെട്ടുകളും ഉണ്ടാക്കുകയും ചെയ്തു. വാസ്തവത്തിൽ 1960 ലെ തെരഞ്ഞെടുപ്പിലൊഴികെ എല്ലാ തെരഞ്ഞെടുപ്പിലും കോൺഗ്രസ് വിരുദ്ധർക്കാണ് ഭൂ

രിപക്ഷം ലഭിച്ചിരുന്നത്. എങ്കിലും ഭദ്രമായ ഭരണം നൽകുന്നതിനു അവർക്കൊരിക്കലും സാധിച്ചിട്ടില്ല. 1957ൽ കമ്യൂണിസ്റ്റ് കക്ഷിക്കു ഒററക്കു ഭൂരിപക്ഷം ലഭിച്ചപ്പോൾ മാത്രമാണ് സുഗമമായ ഒരു ഭരണം നൽകാൻ കോൺഗ്രസ് വിരുദ്ധർക്ക് സാധിച്ചതു്

1965 ലെ തെരഞ്ഞെടുപ്പിലും പരസ്പര ധാരണയോടുകൂടി തെരഞ്ഞെടുപ്പിനെ നേരിട്ട് കോൺഗ്രസ്സിനെ. പരാജയപ്പെടുത്തിയ കക്ഷികൾക്ക് വമ്പിച്ച ഭൂരിപക്ഷം ലഭിച്ചിരുന്നു. എന്നാൽ പ്രഥമ കർത്തവ്യമായ ഭരണം സ്ഥാപിക്കുന്നതിൽ കോൺഗ്രസ്സിതര കക്ഷികൾ പരാജയപ്പെട്ടു. 1967ൽ അധികാരത്തിൽ വന്ന ഏഴുകക്ഷികളുടെ ഐക്യമുന്നണിഭരണവും അന്തഃഛിദ്രവും അധികാരമത്സരവും കൊണ്ടു അകാലചരമമടഞ്ഞു.

ഭരണത്തിന്റെ ഭദ്രതക്കു ഒരു കക്ഷി തന്നെ ഭൂരിപക്ഷം നേടണമെന്നു വ്യക്തമാണ്. 1948ൽ തിരുവിതാംകൂറിൽ ഭൂരിപക്ഷം ലഭിച്ച കോൺഗ്രസിന്റെ മന്ത്രിസഭകൾ മാറുകയുണ്ടായെങ്കിലും കാലാവധി തീരുന്നതുവരെ തുടർച്ചയായി ഭരണം നടത്തിയിട്ടുണ്ട്. 1957 ലുണ്ടായ കമ്യൂണിസ്റ്റ് ഭരണവും പിരിച്ചുവിടപ്പെടുന്നതുവരെ നിലനിന്നു. 1967 ലെ പൊതുതെരഞ്ഞെടുപ്പിനു ശേഷം ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിലവിൽവന്ന ഐക്യമുന്നണി ഭരണങ്ങളും കൂട്ടകക്ഷി ഭരണങ്ങളും ഒന്നിനൊന്നു തകർന്നുപോയി. ഒരേയൊരു കക്ഷിക്കു കേവല ഭൂരിപക്ഷം ലഭിച്ച തമിഴ്നാട്ടിൽ മാത്രമാണ് മന്ത്രിസഭ തകരാതെ തുടർന്നത്. മററു സംസ്ഥാനങ്ങളിലെ ഉപതെരഞ്ഞെടുപ്പുകൾക്കു ശേഷം അധികാരത്തിൽ വന്ന കൂട്ടകക്ഷി മന്ത്രിസഭകൾ ഏതു നിമിഷവും തകരുമെന്ന നിലയിൽ ആടിയുലഞ്ഞുകൊണ്ടിരിക്കയാണ്.

ഐക്യമുന്നണികളുടേയും കൂട്ടകക്ഷിഭരണത്തിന്റേയും ദുരന്തം വ്യക്തമായി മുന്നിൽക്കാണുന്നുണ്ടെങ്കിലും 1967 ൽ നിയമസഭയിൽ കോൺഗ്രസിനർഹമായസ്ഥാനം നേടാൻ സാധിക്കാതെപോയതു് കെ. പി. സി. സി. നേതാക്കളെ പരിഭ്രാന്തരാക്കി. വീണ്ടും കൂട്ടകക്ഷിഭരണത്തേയും ഐക്യമുന്നണിയേയും പററി അവർ ചിന്തിച്ചു തുടങ്ങി. കോട്ടയത്ത് നടന്ന സംസ്ഥാനസമ്മേളന കോൺഗ്രസ് സംപൂർണ്ണ സമ്മേളനത്തിൽ, നേതൃത്വം നയവ്യ
നിർണ്ണയം
തിയാനത്തിനു ശ്രമിക്കാതിരുന്നില്ല പക്ഷെ കോൺഗ്രസിന്റെ പിന്നോക്കം പോകാനുള്ള ശ്രമത്തെ പിടിച്ചു നിർത്തുന്നതിനു പരിവർത്തനവാദികളായ സാധാരണ കോൺഗ്രസ് പ്രവർത്തകർക്കു സാധിച്ചു. 1967 ൽ അധികാരത്തിൽ വന്ന ഏഴു കക്ഷികളുടെ ഐക്യമുന്നണി സർവ്വശക്തിയുമെടുത്ത് എതിർത്തിട്ടും ആദർശത്തിലുറച്ചു നിന്ന് ഒററക്ക് മൽസരിച്ച കോൺഗ്രസ് നഗരസഭാതെരഞ്ഞെടുപ്പുകളിൽ വമ്പിച്ച ഭൂരിപക്ഷം നേടി വിജയിച്ചത് പരിവർത്തനവാദികളായ കോൺഗ്രസ്സുകാർക്കു ആവേശകരമായിരുന്നു.

എന്നാൽ പിന്തിരിപ്പൻ വർഗ്ഗീയ ശക്തികളായ കേരളാകോൺഗ്രസ്സ്–മുസ്ലീംലീഗ് എന്നിവയുമായി കൂട്ടുകെട്ടുണ്ടാക്കുന്നതിനു ആഗ്രഹിച്ചിരുവരും ആത്മവിശ്വാസമില്ലാതിരുന്നവരുമായ കെ. പി. സീ സി. നേതാക്കൾ. കോട്ടയം സമ്മേളന തീരുമാനങ്ങൾക്കു വിരുദ്ധമായിട്ടാണ് പ്രവർത്തിച്ചു വന്നത്. ഐക്യമുന്നണി തമ്മിൽ തല്ലി പിരിഞ്ഞതിനു ശേഷം കോൺഗ്രസ്സ് നേതാക്കൾ വലതു്കമ്യൂണിസ്റ്റ് നേതൃത്വത്തിലുള്ള കേരളാ–കോൺഗ്രസ്സ്–മുസ്ലീംലീഗ് ഭരണത്തിനു നിരുപാധിക പിന്തുണ നൽകുകയും ചെയ്തു. 1965ലും 1967ലും കോൺഗ്രസ്സ് സ്വീകരിച്ചതും കോട്ടയം സമ്മേളനത്തിൽ ആവർത്തിച്ചു പ്രഖ്യാപിച്ചതുമായ നയത്തിനു ഏററവും അധികം വിജയം ലഭിക്കാവുന്ന ഒരു സാഹചര്യമുണ്ടായ അവസരത്തിലാണ് കോൺഗ്രസ്സ് നേതാക്കൾ സംഘടനയുടെ തത്വങ്ങളെ ബലി കഴിച്ചു കൊണ്ട് നയമാററം നടത്തിയതെന്നതാണ് ഏററവും ദുഃഖകരമായ കാര്യം വാസ്തവത്തിൽ സംസ്ഥാനാടിസ്ഥാനത്തിൽ നടത്തുന്ന മറെറാരു സമ്പൂർണ്ണസമ്മേളനത്തിലല്ലാതെ ഇങ്ങനെ നയം മാററം നടത്തുന്നത് ഭരണഘടനാവിരുദ്ധവുമാണ്.

തെരഞ്ഞെടുപ്പിൽ സ്വന്തം ശക്തിയിലുറച്ചു നിന്നുകൊണ്ട് ഒററക്ക് മത്സരിച്ച് വിജയം നേടാവുന്ന എല്ലാ സാഹചര്യങ്ങളും ഇന്നുണ്ട്. 1965ലും 1967ലും കോൺഗ്രസ്സിനെ എതിർക്കുന്നതിൽ ഒന്നിച്ചുനിന്ന രാഷ്ട്രീയശക്തികൾ ഇന്നു പരസ്പരം ശത്രുതയോടെ മത്സരിക്കുകയാണ്. 1965ൽ കോൺഗ്രസ്സിനെ എതിർക്കുകയെന്ന ഏക ലക്ഷ്യത്തിൽ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റുകാരും മുസ്ലീംലീഗുകാരും ചേർന്ന് തെരഞ്ഞെടുപ്പ് ധാരണയുണ്ടാക്കിയിരുന്നു. വലതു് കമ്യൂണിസ്റ്റുകാർ അന്നു ഈ ധാരണയിൽ പങ്കു ചേർന്നിരുന്നില്ല. 1967 ആയപ്പോഴേക്കും മാർക്സിസ്റ്റ് കമ്യൂണിസ്റ്റ് കാരും വലതു് കമ്യൂണിസ്റ്റ്കാരും മുസ്ലീം ലീഗും ഒന്നുചേർന്നു ഐക്യമുന്നണിയായിട്ടാണ് ഏററവും പ്രബലകക്ഷിയായ കോൺഗ്രസ്സിനെ നേരിട്ടതു്. കേരളത്തിലെ കോൺഗ്രസ്സിന്റെ ചരിത്രത്തിൽ ഇത്രക്കു സംഘടിതമായ എതിർപ്പ് അതിനു ഒരിക്കലും നേരിടേണ്ടി വന്നിട്ടില്ല. ഇനി നേരിടേണ്ടി വരികയുമില്ല.

1965ലേയും 1967ലേയും സ്ഥിതിയിൽ നിന്നു വ്യത്യസ്തമായി വരുന്ന ഇടക്കാല തെരഞ്ഞെടുപ്പിൽ വലതു് കമ്മ്യൂണിസ്റ്റുകാരും മുസ്ലീംലീഗും അവരോടൊപ്പം മററു ചെറിയ രാഷ്ട്രീയകക്ഷികളും മാർക്സിസ്ററുകാർക്കെതിരായി മുന്നണി രൂപവൽക്കരിച്ചിരിക്കയാണ്. കോൺഗ്രസ്സ് വിരുദ്ധ മുദ്രാവാക്യം മുന്നോട്ട് വെച്ച് മുന്നണിയുണ്ടാക്കിയ മാർക്സിസ്ററ കമ്മ്യൂണിസ്ററപാർട്ടി ആ മുദ്രാവാക്യത്തിന്റെ പിന്നിൽ ആളുകളേയും പാർട്ടികളേയും കിട്ടാതെ പരക്കം പായുകയാണ്. കോൺഗ്രസ്സ് വിരുദ്ധപാർട്ടികൾ പരസ്പരം മൽസരിക്കുന്ന ഈ തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സ് ഒററക്കു നിന്നു മൽസരിക്കുന്നുവെങ്കിൽ ഏററവും പ്രബല ശക്തിയായ ആ സംഘടനക്ക് അർഹമാംവണ്ണം ഭൂരിപക്ഷം ലഭിക്കുന്നതാണ്. മാർക്സിസ്ററുകാരും മുസ്ലീം ലീഗും പരസ്പരം മൽസരിക്കുന്ന

പരിതസ്ഥിതിയിൽ മലബാർ പ്രദേശത്ത് തന്നെ കോൺഗ്രസ്സിനു പല നിയോജകമണ്ഡലങ്ങളിലും വിജയിക്കാൻ കഴിയുമെന്നു 1965ലേയും 1967ലേയും തെരഞ്ഞെടുപ്പുകളിലെ വോട്ടുകളുടെ കണക്കുകളിൽനിന്നു വ്യക്തമാകുന്നു.

ഇതിനുംപുറമെ ഓരോ നിയോജകമണ്ഡലത്തിലും പതിനായിരത്തിനും ഇരുപതിനായിരത്തിനും മദ്ധ്യേ പുതിയവോട്ടർമാർ ഉണ്ടായിട്ടുണ്ട്. സ്വാതന്ത്ര്യത്തിനുശേഷമുള്ള പുതിയ തലമുറയിൽപ്പെട്ട യുവാക്കൾ ആദ്യമായി കേരളത്തിലെ ഇടക്കാല തെരഞ്ഞെടുപ്പിൽ വോട്ടുചെയ്യാൻ പോവുകയാണ്. ഈ യുവാക്കളിൽ ബഹുപൂരിഭാഗം പേരുടേയും പിന്തുണ കോൺഗ്രസ്സിനു ലഭിക്കുമെന്നു ന്യായമായും പ്രതീക്ഷിക്കാം. കഴിഞ്ഞ കുറെ വർഷങ്ങളായി കോൺഗ്രസിന്റെ വിദ്യാർത്ഥിസംഘടനയുമായി ബന്ധപ്പെട്ട് വളർന്നുവന്നവരാണ് കേരളത്തിലെ പുതിയ തലമുറയുടെ ഗണ്യമായ വിഭാഗം യുവക്കൾ. ഈ യുവാക്കളെയാകർഷിക്കുന്നതിനു ഇന്നു കോൺഗ്രസിനേപ്പോലെ മറെറാരു രാഷ്ട്രീയകക്ഷിക്കും സാധിക്കുകയില്ല

കോൺഗ്രസിലെ പിളർപ്പിനെ തുടർന്ന് സംഘടനയുടെ അധികാരസ്ഥാനങ്ങളിൽ ധാരാളം യുവാക്കൾ വന്നെത്തിയിട്ടുണ്ട്. ഈ യുവാക്കളുടെ ഊർജ്ജസ്വലതയെ കൈമുതലാക്കി ആദർശനിഷ്ഠമായ ഒരു നേതൃത്വം കോൺഗ്രസ്സ് സംഘടനയുണ്ടാക്കുന്നുവെങ്കിൽ നഗരസഭാ തെരഞ്ഞെടുപ്പുകളിൽ കോൺഗ്രസിനുണ്ടായ വിജയം ഇടക്കാല തെരഞ്ഞെടുപ്പിലും ആവർത്തിക്കുന്നതായിരിക്കും. ഐക്യമുന്നണികളുണ്ടാക്കിയ ഉറച്ചഭരണം നൽകാമെന്ന വാഗ്ദാനം നൽകിയശേഷം വഞ്ചിച്ചവരായ കോൺഗ്രസിതര കക്ഷികളൊന്നിനും തന്നെ ജനങ്ങളുടെ മുമ്പിൽ ഐക്യമുന്നണിയുടെ പേരിൽ വോട്ടുചോദിക്കുവാൻ സാധിക്കാത്തനിലക്ക് കോൺ: ഒററക്ക് മൽസരിക്കാൻ തീരുമാനിച്ചാൽ ഉണ്ടാകുന്നതായിരിക്കും

വമ്പിച്ച ഭൂരിപക്ഷം നൽകി കേരളം അധികാരത്തിലേററിയ ഐക്യമുന്നണിയിലെ കക്ഷികൾ കൂട്ടായും വേർപിരിഞ്ഞും നടത്തിയ ദുർഭരണത്തിന്റെ ചിത്രം അവർ തന്നെ പരസ്പരം മൽസരിച്ച് ജനങ്ങളുടെ മുമ്പാകെ സജീവമായി നിർത്തുന്നതാണ്. അഴിമതിയുടെയും അധികാരമൽസരത്തിന്റെയും പേരിൽ ഐക്യമുന്നണി തന്നിൽത്തകർന്ന ബീഭൽസ പശ്ചാത്തലത്തിൽ കഴിഞ്ഞ കാലത്തെ കോൺഗ്രസ് ഭരണത്തിന്റെ പരിമിതമായ നേട്ടങ്ങൾപോലും ജനങ്ങളുടെ മുമ്പാകെവെയ്ക്കാൻ കോൺഗ്രസ് മടിക്കേണ്ടതില്ല. കേരളത്തിൽ ഇതേവരെയുണ്ടായിട്ടുള്ളതിൽ ഏററവും നല്ല ഭരണം ആർ ശങ്കറിന്റെ നേതൃത്വത്തിൽ നടന്ന കോൺഗ്രസ് ഭരണമാണെന്നതു് ആർക്കും നിഷേധിക്കാനാവാത്ത യാഥാർത്ഥ്യമാണ്.

കമ്യൂണിസ്റ്റ് പാർട്ടി ഒന്നായി പ്രതിപക്ഷപാർട്ടിയായി പ്രവർത്തിച്ചിരുന്ന നാലരക്കൊല്ലം കോൺഗ്രസ്സിന്റെ നിയന്ത്രണത്തിലുള്ള ഭരണം നടന്നിട്ട്. ഒററ വെടിവെപ്പുപോലുമുണ്ടായിട്ടില്ല. ചുരുളി—കീരിത്തോട് എന്നിവിടങ്ങളിൽ പദ്ധതി പ്രദേശത്ത് കുടിയേറിപ്പാർത്തിരുന്നവരെ ഒഴിപ്പിക്കേണ്ടിവന്നപ്പോൾ നാലരക്കൊല്ലത്തിനിടയിൽ ഒരിക്കൽ മാത്രം ലാത്തിച്ചാർജ്ജ് നടന്നു. പോലീസ് മർദ്ദനങ്ങളെക്കുറിച്ച് ഇന്നത്തെപ്പോലെ പരാതിയുണ്ടായിട്ടില്ല. കോൺസ്സ് ഭരണത്തിൽ കെ. എ. ദാമോദരമേനോന്റെ നേതൃത്വത്തിലാണ് കേരളത്തിൽ ഏററവും കൂടുതൽ വ്യവസായവൽക്കരണം നടത്തിട്ടുള്ളത്. ഇന്നത്തെപ്പോലെ പൊതുപ്പണം ചെലവാക്കി ആനയും അമ്പാരിയും എഴുന്നള്ളിച്ച് ഘോഷയാത്രകൾ നടത്താതെ തന്നെ ശങ്കർ മന്ത്രിസഭയുടെ ഭരണകാലത്ത് അനേകായിരം കുടുംബങ്ങൾക്കു ഭൂമിവിതരണം നടത്തി. ആരെയും കള്ളക്കേസിൽ കുടുക്കിയിരുന്നില്ല. വിദ്യാലയങ്ങളിൽ ഫീസില്ലാതാക്കുതയും പ്രൈമറിസ്കൂളുകളിൽ ഉച്ചഭക്ഷണം ഏർപ്പെടുത്തുകയും ചെയ്തു. ആദ്യമായി വാർദ്ധക്യ കാലപെൻഷനും രോഗികൾക്കു സഹായധനവും കൊടുക്കാൻ ആരംഭിച്ചത് ശങ്കർ മന്ത്രിസഭയാണ്. കാമ്പില്ലാത്തതെന്നുതെളിയിക്കപ്പെട്ട നിസ്സാരമായ അഴിമതിയാരോപണങ്ങളല്ലാതെ മന്ത്രിമാർക്കെതിരായി ആരോപണമൊന്നുമുണ്ടായില്ല. ഭക്ഷ്യപ്രശ്നത്തെ സമർത്ഥമായി കൈകാര്യം ചെയ്യുന്നതിനും കോൺഗ്രസ്സ് ഭരണത്തിൽ സാധിച്ചു.

കോൺഗ്രസ്സിന്റെ ഈഭരണവുമായി താരതമ്യപ്പെടുത്തുമ്പോൾ ഏഴുകക്ഷികളുടെ ഐക്യമുന്നണിയോജിച്ചും വേർപിരിഞ്ഞും നടത്തിയ ഭരണത്തിന്റെ നേട്ടങ്ങൾ വളരെ വളരെ തുച്ഛമാണ്. കോട്ടങ്ങളാകട്ടെ വളരെവലുതുമാണ്. അഴിമതിസാർവ്വത്രികമായിയെന്നു സമ്മതിക്കാത്ത ഐക്യമുന്നണി കക്ഷികളില്ല. വ്യവസായവൽക്കരണം പേരിനുപോലുമുണ്ടായില്ലെന്നുമാത്രമല്ല, മിനിമം പരിപാടിയിൽ ജനങ്ങൾക്കു നൽകിയ വാഗ്ദാനത്തിനു വിപരീതമായി യോജിച്ച ഒരു നയംതന്നെ രൂപവൽക്കരിക്കാൻ ഐക്യമുന്നണിഭരണത്തിനു സാധിച്ചില്ല. വെടിവെപ്പുകളും ലാത്തിച്ചാർജ്ജുകളും വ്യാപകമായി നടന്നു. അച്യുതമേനോൻ മന്ത്രിസഭയുടെ കീഴിൽ ലോക്കപ്പ് മർദ്ദനത്തെ പററിവരെ ധാരാളം പരാതികളുണ്ടായി. ഭരണരംഗം കുഴഞ്ഞു മറിഞ്ഞുകാര്യക്ഷമതയില്ലാതായി. ഭക്ഷ്യപ്രശ്നം കൈകാര്യം ചെയ്തതിൽ ഐക്യമുന്നണി മന്ത്രിസഭ അമ്പേപരാജയപ്പെട്ടു. ഐക്യമുന്നണിയിൽ അധികാരത്തിലിരിക്കുന്ന ഒററ കക്ഷിക്കുപോലും ഈ പരാജയത്തിന്റെ ഉത്തരവാദിത്വത്തിൽ നിന്നൊഴിഞ്ഞുനിൽക്കാനാവില്ല.

നിർണ്ണയം

ഇതിനും പുറമെ മുസ്ലീംലീഗിനെ പ്പോലുള്ള വർഗ്ഗീയ കക്ഷിയെ അധികാരത്തിലേററിയതിന്റെ ഫലമായി വിദ്യാഭ്യാസ രംഗത്ത് വരെ വർഗ്ഗീയ ചിന്താഗതിയും വിഭാഗീയതയും വളർന്നുവന്നു. കേരളത്തിൽ ദശാബ്ദങ്ങളായി ഇല്ലാതിരുന്ന വർഗ്ഗീയ സംഘടനങ്ങൾ തലപൊക്കിത്തുടങ്ങി. വിഴിഞ്ഞം പൂവാർ പ്രദേശത്തും മട്ടാഞ്ചേരിയിലും മാട്ടൂലിലും വർഗ്ഗീയ കലഹങ്ങൾനടന്നു. വെടിപ്പുകളുണ്ടായി. നാരോ:ധനാജ്ഞകൾ നടപ്പിലാക്കേണ്ടിവന്നു. മുസ്ലിംലീഗിനെ അധികാരത്തിലേററിയ മാർക്സിസ്റ്റ് കമ്യൂണിസ്റ്റ് പാർട്ടി തന്നെ ലീഗിന്റെ വർഗ്ഗീയതയെപ്പററി പരസ്യ മായി ആവലാതിപ്പെടേണ്ടിവന്നു.

ഐക്യമുന്നണിഭരണത്തിന്റെനേട്ടങ്ങളായിപ്പറയാവുന്നവ ഭൂപരിഷ്കരണ ഭേദഗതി നിയമവും കേരള സർവ്വകലാശാലാനിയമവുമാണ്. എന്നാൽ ഈ രണ്ടു നിയമനിർമ്മാണത്തിന്റെയും കാര്യത്തിൽ കോൺഗ്രസ്സിന്റെ പങ്ക് ഒട്ടും അപ്രധാനമല്ല. കാരണം ഐക്യമുന്നണി ഭരണാ അവതരിപ്പിച്ച ഭൂപരിഷ്ക്കരണഭേദഗതി നിയമം കോൺഗ്രസ് ഭരണകാലത്ത് പി. ടി. ചാക്കോവിന്റെ നേതൃത്വത്തിലുണ്ടാക്കിയ നിയമത്തിന്റെ ഭേദഗതിമാത്രമാണ്. പി. ടി. ചാക്കോ കൊണ്ടുവന്ന നിയമത്തിൽ വളരെയധികം അപര്യാപ്തതകളും ഉണ്ടായിരുന്നു. എന്നാൽപ്പോലും ഭരണഘടന ഭേദഗതിചെയ്തിട്ട് വേണ്ടിവന്നു അന്ന് ആനിയമത്തിനു സംരക്ഷണം നൽകാനെന്നു ഓക്കുമ്പോൾ അന്നത്തെ സാഹചര്യത്തിൽ ആ നിയമം മുന്നേട്ടക്കുള്ള കാൽവെയ്പായി കണക്കാക്കപ്പെടണം. ഐക്യമുന്നണി ഭരണം കൊണ്ടുവന്ന ഭൂപരിഷ്കരണ ഭേദഗതി നിയമത്തെ നിയമസഭയിൽ കോൺഗ്രസ്സ് എതിർത്തിട്ടില്ല. നിയമസഭക്ക് പുറത്ത് യൂത്ത് കോൺഗ്രസ്സും മററും ആ നിയമത്തിനു പിന്തുണ നിർണ്ണയം നൽകുകയും ചെയ്തിട്ടുണ്ട്. കേരള സർവ്വകലാശാലാനിയമത്തിനും കോൺഗ്രസ് പ്രത്യേകിച്ചു യുവജനവിഭാഗവും വിദ്യാർത്ഥികളും നൽകിയ പിന്തുണ വിദ്യാഭ്യാസ മന്ത്രി തന്നെ പരസ്യമായി പ്രശംസിച്ചിട്ടുള്ളതാണ്. ഇന്നു മന്ത്രിസഭയിൽ പങ്കാളിത്തമുള്ള കേരളാകോൺഗ്രസാണ് പുരോഗമനാത്മകങ്ങളായ രണ്ട് നിയമങ്ങളേയും നിയമസഭക്കകത്തും പുറത്തുംവെച്ച് എതിർത്തിട്ടുള്ളതെന്നും വിസ്മരിച്ചുകൂടാ. ആർക്കും നിഷേധിക്കാനാവാത്ത ഈ യാഥാർത്ഥ്യങ്ങൾ നിരത്തിവെച്ചുകൊണ്ട് ആത്മവിശ്വാസത്തോടെ സ്വന്തം ആദർശപരിപാടികളിൽ ഉറച്ചുനിന്നുകൊണ്ട് കോൺഗ്രസ് കേരളത്തിലെ ഇടക്കാലതെരഞ്ഞെടുപ്പിൽ മൽസരിക്കുമെങ്കിൽ വിജയം നേടുന്നതിനുള്ള എല്ലാ സാഹചര്യവും ഇന്നുണ്ടെന്നു വ്യക്തമാണ്

എന്നാൽ കെ. പി. സി. സിയുടെ ഇന്നത്തെ നേതൃത്വം ഈ വഴിക്കു ചിന്തിക്കുന്നതേയില്ല. വലതു് കമ്യൂണിസ്ററ്–മുസ്ലീം ലീഗ് കേരളാ കോൺഗ്രസ് കക്ഷികളുടെ മുന്നണിയുമായി ബന്ധം സ്ഥാപിക്കുന്നതിനെപ്പററിയാണ് കെ. പി. സി. സി നേതാക്കൾ ചിന്തിക്കുന്നതു്. ഭരണത്തിലിരിക്കുന്ന ഈ കക്ഷികളുമായി ധാരണയുണ്ടാക്കുന്നതിനെപ്പററിയും കെ. പി. സി. സി പ്രസിഡൻറ് കെ. കെ വിശ്വനാഥനും ജന. സെക്രട്ടറി എ കെ ആൻറണിയും പൂർവാപര വിരുദ്ധമായ പ്രസ്താവനകൾ ചെയ്തുകൊണ്ടിരിക്കുന്നു. ഭരണത്തിലിരിക്കുന്ന കുറുമുന്നണിക്ക് നൽകിയ അന്ധമായ പിന്തുണയുടെ ഫലമായി കോ:ന്റെ വ്യക്തിത്വം കളഞ്ഞു കുളിച്ച ഈ നേതാക്കൾ ചിന്താക്കുഴപ്പത്തിലായിട്ടുണ്ടു്. പരിവർത്തനവാദികളായ കോൺഗ്രസുകാർ നേരത്തെ നൽകിയിരുന്ന മുന്നറിയിപ്പുകൾ തങ്ങൾ കണിക്കാൻ വൃഥാ ശ്രമം നടത്തുകയാണിവർ. കോൺ: സ്വീകരിക്കേണ്ടുന്നനയപരിപാടികളെക്കുറിച്ചു വ്യക്തമായ രൂപമില്ലാത്തതുകൊണ്ടു് വേണ്ടി .വന്നാൽ കോ: ഒററക്ക് മൽസരിക്കുമെന്നു ഇവർ പറയുന്നു. സിൻഡിക്കേററുമായി കോ: ഒരിക്കലും കൂട്ടുകൂടുകയില്ലെന്നു് ആണയിടുന്നു. മതേതരത്വത്തിലും ജനാധിപത്യത്തിലും സോഷ്യലിസത്തിലും വിശ്വസിക്കുന്ന കക്ഷികളുമായി കൂട്ടുചേരുമെന്നു പ്രമേയം പാസ്സാക്കുന്നു. അതേസമയം തന്നെ കോ: ലെ ഒന്നാം സിൻഡിക്കേററായ കേർളാ കോ:-സ്സും വർഗീയ കക്ഷിയായ മുസ്ളീംലീഗുമായി ഐക്യമുണ്ടാക്കാൻ വ്യഗ്രത കാണിക്കുകയും ചെയ്യുന്നു. കുറുമുന്നണിയുടെ പുറകെ വായ് പൊത്തി നടന്ന കെ. പി സി സി നേതാക്കളെ അഗണ്യകോടിയിൽ തള്ളിക്കൊണ്ടു് ഭരണകക്ഷികൾ ഐക്യ കമ്മിററികൾ ഉണ്ടാക്കി സീററുകൾ പങ്കിട്ടെടുക്കുകയും പ്രകടനപത്രിക എഴുതി തയാറാക്കുകയും ചെയ്യുന്നു. കെ പി സി സി പ്രസിഡണ്ടും സെക്രട്ടറിയും ഭരണകക്ഷികളുടെ വാതിൽക്കൽ കാവൽകിടന്നതിന്റെ ഫലമായി കോൺ:ന വിജയസാദ്ധ്യതയില്ലാത്ത പത്ത്നാല്പതു സീററുകൾ മാത്രം ഭരണകക്ഷിക്കാർ വെച്ചുനീട്ടിയിരിക്കയാണ്. വളരെ വൈകി മാത്രം വിവേകശലമുണ്ടായ നേതാക്കൾ ഇപ്പോൾ കോൺ: വേണ്ടിവന്നാൽ ഒററക്ക് മൽസരിക്കുമെന്ന് പറയാൻ നിർബ്ബന്ധിതരായിരിക്കയാണ്.

അവർ ഇങ്ങനെ പറയുന്നുണ്ടെങ്കിലും ഭരണത്തിലുള്ള കക്ഷികളുടെ ദാസ്യവൃത്തി കോൺഗ്രസ്സിനെക്കൊണ്ട് ചെയ്യിക്കേണ്ടതായ ഗതികേട് വരുത്തിവെച്ചുകഴിഞ്ഞു. എന്താണ് ചെയ്യേണ്ടതെന്നോ പറയേണ്ടതെന്നോ അറിയാതെ അണികളെ തൃപ്തിപ്പെടുത്താൻ നേതാക്കൾ പരക്കം പായുകയാണ്. വേണ്ടിവന്നാൽ ഒററക്ക മത്സരിക്കുമെന്നു പറയുന്ന നേതാക്കൾ തന്നെ പത്ര സമ്മേളനം വിളിച്ചുകൂട്ടി പത്രസമ്മേളനം വിളിച്ചുകൂട്ടി. ഒററയ്ക്കു മൽസരിച്ചാൽ ഭൂരിപക്ഷം കിട്ടുകയില്ലെന്നും പ്രഖ്യാപിക്കുന്നു. അപ്പോൾ ഭരണകക്ഷികൾ കോൺഗ്രസിനെ മുന്നണിയിൽ ചേർക്കാതിരുന്നാൽ മാത്രമേ കോൺ: ഒററക്ക മൽസരിക്കേണ്ടതുള്ളുവെന്നാണ് ഇവർ കരുതുന്നതെന്നു വ്യക്തമാണ്. ഒററക്ക മൽസരിക്കേണ്ടിവന്നാൽ, ഗതികേടുകൊണ്ടാണ് തങ്ങൾ ഒററക്ക മൽസരിക്കുന്നതെന്നും ഭൂരിപക്ഷം കിട്ടിയില്ലെങ്കിലും വോട്ടുനൽകണമെന്നുമാണോ ഇവർ ജനങ്ങളോടു പറയാൻ പോകുന്നതെന്നു ചോദിക്കേണ്ടിയിരിക്കുന്നു.

കെ. പി. സി. നേതാക്കൾ കോൺഗ്രസ്സിനെക്കൊണ്ടു കുറുമുന്നണികളുടെ ദാസ്യവൃത്തി ചെയ്യിക്കാനാണ് തയ്യാറെടുക്കേണ്ടതെങ്കിൽ മറുവശത്ത് മറെറാരു വിഭാഗം കെ. പി. സി. സി. നേതാക്കൾ എ

ല്ലാ വലതുപക്ഷ പിന്തിരിപ്പൻ ശക്തികളും കോൺ: മായി കൂട്ടുചേർന്നു മാർക്സിസ്റ്റ് കമ്യൂണിസ്ററ പാർട്ടിയേയും എതിർക്കണമെന്നു വാദിച്ചുകൊണ്ടിരിക്കുകയാണ്. ചുരുക്കത്തിൽ വലതു കമ്യൂണിസ്ററുകാരുടെ നേതൃത്വത്തിൽ കേരളാ കോൺ: മുസ്ലിംലീഗ് പിന്തിരിപ്പൻ വർഗീയ ശക്തികളെയധികാരത്തിൽ കൊണ്ടുവരണമോ അതോ വലതു കമ്യൂണിസ്ററുകാരെ ഒഴിവാക്കിക്കൊണ്ട് കേരള കോൺ: മുസ്ലിംലീഗ് എന്നിവയുൾപ്പെട്ട പിന്തിരിപ്പൻ വർഗീയ ശക്തികളെ കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ അധികാരത്തിൽ കൊണ്ടുവരണമോ എന്നതു് സംബന്ധിച്ചു് മാത്രമാണ് ഇന്ന് കെ. പി. സി. സി. നേതാക്കൾ തമ്മിൽ അഭിപ്രായ ഭിന്നതയുള്ളതു്.

ഈ രണ്ടഭിപ്രായങ്ങളും കോൺ: പ്രവർത്തകർക്കു ഒട്ടും സ്വീകാര്യമല്ലെന്നു കോൺ: റാഡിക്കൽ ഫോറം കെ. പി. സി. സി. നേതാക്കൾക്കു മുന്നറിയിപ്പ് നൽകുകയാണ്. ഭരണകക്ഷികളുടെ കുറുമുന്നണിയുമായി ധാരണയുണ്ടാക്കി കോൺ: തെരഞ്ഞെടുപ്പിനെയഭിമുഖീകരിക്കണമെന്നുവാദിക്കുന്ന കെ പി സി സി നേതാക്കൾ തെരഞ്ഞെടുപ്പിനുശേഷം കോൺ: ഭരണത്തിൽ പങ്കാളിയാകണമെന്നു കരുതുന്നുണ്ടോയെന്നും ഇപ്പോൾ തന്നെ തുറന്നു പറയേണ്ടതാണ്. ഇന്നത്തെ ഭരണകക്ഷികൾക്കുമാത്രം പങ്കുള്ള ഒരു മന്ത്രിസഭയെ അധികാരത്തിൽ കൊണ്ടുവരണമെന്നാണോ കെ. പി. സി. സി. നേതാക്കൾ ആഗ്രഹിക്കുന്നതെന്നും വ്യക്തമാക്കണം. ഇതൊന്നും തുറന്നു പറയാതെ ഇന്നത്തെ ഭരണകക്ഷികളുമായി കോൺഗ്രസ്സിനെക്കൊണ്ടും എന്തെങ്കിലും തരത്തിൽ ധാരണയും ഐക്യമുന്നണിയും ഉണ്ടാക്കി തെരഞ്ഞെടുപ്പിൽ മൽസരിക്കണംമെന്നു വാദിക്കുന്ന കെ. പി. സി. സി. നേതാക്കൾ കോൺഗ്രസ് പ്രവർത്തകരോടു് നീചമായ വഞ്ചനയാണ് കാണിക്കുന്നതു്.

അതുകൊണ്ട് ഇനിയും ഒട്ടും സമയം കളയാതെ, സ്വന്തം പരിപാടികളിലും ആദർശലക്ഷ്യങ്ങളിലും ഉറച്ചുനിന്നു് കോൺഗ്രസ് ഒററക്ക് തെരഞ്ഞെടുപ്പിൽ മൽസരിക്കുമെന്നു പ്രഖ്യാപിക്കണമെന്നു കോൺഗ്രസ് റാഡിക്കൽ ഫോറം കെ. പി. സി. സി. യോടഭ്യർത്ഥിക്കുന്നു. ഇന്നത്തെ കെ. പി. സി. സി. നേതാക്കൾ അവരുടെ ദീർഘവീക്ഷണമില്ലായ്മകൊണ്ടും കഴിവുകേടുകൊണ്ടും കോൺഗ്രസിനെ നയിക്കാൻ പ്രാപ്തരല്ലെന്നു തെളിയിച്ചിരിക്കയാണ്. മാത്രമല്ല കോൺഗ്രസ് ഒററക്കു മൽസരിക്കുന്നുവെങ്കിൽ ഭൂരിപക്ഷം നേടി ഭരണമുണ്ടാക്കാനാവില്ലെന്നു കെ. പി. സി. സി. പ്രസിഡണ്ട് കെ. കെ. വിശ്വനാഥനും സെക്രട്ടറി എ. കെ. ആൻറണിയും തുറന്നു പ്രസ്താവിച്ചു കഴിഞ്ഞു. അതിനാൽ ആർക്കും വിശ്വാസമില്ലാത്ത ഈ നേതൃത്വത്തിന്റെ കീഴിൽ കോൺഗ്രസ് ഒററക്ക് തെരഞ്ഞെടുപ്പിനെ നേരിടുന്നതുകൊണ്ട് വേണ്ടത്ര വിജയം കൈവരിക്കാൻ സാധിക്കയില്ലെന്നു കോൺഗ്രസ് റാഡിക്കൽ ഫോറത്തിനു അഭിപ്രായമുണ്ട്.

അതുകൊണ്ട് കേരളത്തിൽ നടക്കാൻ പോകുന്ന ഇടക്കാലതെരഞ്ഞെടുപ്പിൽ കേവലഭൂരിപക്ഷം നേടി ജയിക്കാനും ഭരിക്കാനും വേണ്ടി കോൺഗ്രസ് ഒററക്കു മൽസരിക്കുമെന്നു പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെടുന്നതോടൊപ്പം തന്നെ, ഇന്നത്തെ കെ. പി. സി. സി. നേതാക്കൾ സ്ഥാനം രാജിവെച്ച് ഈ പ്രഖ്യാപനത്തോട് യോജിപ്പുള്ള നേതാക്കളുടെ ഒരു സമിതി രൂപവൽക്കരിച്ചു തെരഞ്ഞെടുപ്പ് പ്രവർത്തനം ഏറെറടുത്ത് നടത്തണമെന്നും കോൺഗ്രസ് റാഡിക്കൽ ഫോറം കെ. പി. സി. സി. യോടു് ശക്തിയായി ആവശ്യപ്പെടുന്നു. ജയിക്കാനും ഭരിക്കാനും വേണ്ടി ഇത്തവണ കോൺ: എന്നതായിരിക്കട്ടെ കെ. പി. സി. സി. യുടെ മുദ്രാവാക്യം. ഐക്യമുന്നണിയുടെ വഞ്ചന മനസ്സിലാക്കിയ കേരളീയർ അതു് ചെവിക്കൊള്ളാതിരിക്കുകയില്ല.

****

(എഴുതാപ്പുറം അഞ്ചാൽനിന്നു് തുടർച്ച)

ആരാ നിങ്ങടെ നേതാവ്? എന്താ നിങ്ങടെ പരിപാടി? മാർക്സിസ്റ്റ് കമ്യൂണിസ്റ്റ് നേതാവ് ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് പഴയ ചോദ്യം ചോദിച്ചു തുടങ്ങിയിരിക്കുന്നു. 'വിമോചന സമരം' കഴിഞ്ഞു കോൺഗ്രസ്സും പി. എസ്സ്. പി. യും മുസ്ലിം ലീഗും കൂടി ഐക്യമുന്നണിയായി തെരഞ്ഞെടുപ്പിനെ നേരിട്ടപ്പോഴും ഇ. എം. എസ്സ്. ഇതേ ചോദ്യം തന്നെയാണ് ചോദിച്ചത്. ഒന്നായിരുന്ന കമ്യൂണിസ്റ്റുകാർ അന്നു നാട്ടുനീളെ ഇതേ ചോദ്യം ചോദിച്ചു നടന്നു. ഇപ്പോൾ കൊറിയയിൽ നിന്നു തിരിച്ചെത്തിയ ശേഷം ഭരണമുന്നണിക്കാരോടും കോൺഗ്രസ്സിനോടും ഇ. എം. എസ്സ്. ചോദ്യമാവർത്തിക്കുന്നു. എന്നാൽ ചോദ്യത്തിന്റെ 'പല്ലിനു ശൌര്യം' പണ്ടേപ്പോലെ ഫലിക്കുമെന്നു തോന്നുന്നില്ല.

കേരളത്തിൽ തെരഞ്ഞെടുപ്പിനു ശേഷം നിങ്ങൾ എന്താണ് ചെയ്യുക? കോൺഗ്രസ്സിന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭയാണോ അതോ വലത് കമ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിലുള്ള മന്ത്രിസഭയാണോ നിങ്ങൾ അധികാരത്തിലേററുക? കൊച്ചി വിമാനത്താവളത്തിൽ വെച്ചു് ഭരണമുന്നണി-ഭരണകോൺഗ്രസ്സ് കൂട്ടുകെട്ടിന്റെ നേതാക്കളോട് ഇ. എം. എസ്സ്. ഈ ചോദ്യമുന്നയിച്ചുവെന്നാണ് റിപ്പോർട്ട്. (മാതൃഭൂമി ജൂലായ് 15) ഭരണമുന്നണിക്കാരെ സംബന്ധിച്ചിടത്തോളം വലത് കമ്യൂണിസ്റ്റ് നേതൃത്വത്തിലുള്ള മന്ത്രിസഭക്കു വേണ്ടിയാണ് തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതെന്നു തുറന്നു തന്നെ പറഞ്ഞിട്ടുണ്ട്. കോൺഗ്രസ്കാർക്കു് വേണമെങ്കിൽ ഭരണമുന്നണിക്കാരെ പിന്താങ്ങികൊണ്ടിരിക്കാം. കുറെക്കൂടികടന്നു ഭരണത്തിൽ പങ്കാളികളാകുകയും ചെയ്യാം. അങ്ങിനെ പങ്കാളിയാകുമെങ്കിൽ, കോൺഗ്രസ്സുകാരെ വീണ്ടും ഭരണത്തിൽ കയററുമെന്നും ഇ. എം. എസ്സിനു വലത്കാർക്കെതിരെ ആരോപണമുന്നയിക്കാൻ സൌകര്യമുണ്ടാകുമെന്നല്ലാതെ വലിയ പ്രയോജനമൊന്നും ലഭിക്കാൻ പോകുന്നില്ല. വളരെക്കുറച്ച് വോട്ടിന്റെ പിന്തുണ മാത്രമുള്ള വലതു് കമ്യൂണിസ്റ്റ് ആർ. എസ്. പി. കക്ഷികളുടെ കുറെ വോട്ടു ഈ പ്രചാരണംവഴി മാർക്സിസ്റ്റ് കക്ഷിക്കു അനുകൂലമാക്കാൻ സാധിച്ചാൽ തന്നെ വലിയ തെരഞ്ഞെടുപ്പ് തന്ത്രമൊന്നുമല്ലാ അത്. അതിനു പുറമേ വലത് കമ്യൂണിസ്റ്റ്കാരെ ഒററപ്പെടുത്തികൊണ്ട് ഇ. എം. എസ്. നടത്തുന്ന പ്രചരണ കോലാഹലത്തിനു ആദർശപരമായ ലക്ഷ്യങ്ങളെക്കാൾ കുടിപ്പകയുടേയും ചേരിപ്പോരിന്റെയും സ്വഭാവമുള്ളതുകൊണ്ട് വലതു് കമ്യൂണിസ്റ്റിനു ഭാവികളായവർക്കു ആരെങ്കിലും പിന്തുണ നൽകുന്നുണ്ടെങ്കിൽ അവരൊക്കെ കൂടുതൽ മാർക്സിസ്റ്റ് വിരോധികളാകുകയേയുള്ളു. അവർ ഇപ്പോൾ തന്നെ മാർക്സിസ്റ്റ്കാരക്കു് വോട്ടു ചെയ്യുന്നതിനെക്കാൾ കോൺഗ്രസിനു വോട്ടുചെയ്യാൻ ഇഷ്ടപ്പെടുന്നവരായിക്കഴിഞ്ഞു കാണും.

(ശേഷം 15–ാം പേജിൽ)

# അപ്രസക്തി [കഴിഞ്ഞ ലക്കം തുടർച്ച]

സംസ്ഥാന നിയമസഭയുടെ ഏകകണ്ഠമായ തീരുമാനം ഉടനടി പ്രാബല്യത്തിൽ വരുത്തുന്നതിനു കേന്ദ്രഗവർമ്മെണ്ടു് നിയമം കൊണ്ടുവരണമെന്നു ലോകസഭയിലെ പ്രതിപക്ഷക്കാരായ ഞങ്ങൾ ആവശ്യപ്പെട്ടു. ബജററ് സമ്മേളനത്തിൽവെച്ച് ലോകസഭയിൽ ഈ നിയമം കൊണ്ടുവന്നു വെന്നു മാത്രമല്ലാ. ലോകസഭയിൽ ഞങ്ങൾ അതു് വേഗം പാസ്സാക്കിച്ചെടുത്തു. പക്ഷെരാജ്യസഭയുടെ അജൻറയിൽ ഈ ബിൽ കൊണ്ടുവരാതിരിക്കുന്നതിനു പാർലിമെൻറിലെ സി. പി. ഐ. യുടെ പരമാധികാരിയായ ഭൂപേശ് ഗുപ്ത കോൺഗ്രസ്സ് വിപ്പുകളുമായി ഏർപ്പാടുണ്ടാക്കി.

അങ്ങിനെ വന്നപ്പോൾ, കൌൺസിൽ തെരഞ്ഞെടുപ്പുകൾ നീട്ടിവെക്കണമെന്നു ചീഫ് എലക്ഷൻ കമ്മീഷണരോട് ആവശ്യപ്പെടണമെന്നു ഞങ്ങൾ നിർദ്ദേശിച്ചു. അതല്ലെങ്കിൽ, ഐക്യമുന്നണി തെരഞ്ഞെടുപ്പ് ബഹിഷ്ക്കരിക്കണമെന്നു ഞങ്ങൾ ആവശ്യപ്പെട്ടു.

കമ്യൂണിസ്ററ്കാരുടെ ചാഞ്ചാട്ടം ഇടതുപക്ഷത്തിനു ചീത്തപ്പേരുണ്ടാക്കി, വിധാൻസഭയിലെ കോൺഗ്രസ്സ് പ്രതിപക്ഷത്തിനു ഐക്യമുന്നണിയെ അടിക്കാൻ പുതിയൊരു വടികൂടികിട്ടി. ഇതാണ് സൌകര്യം നോക്കി തത്വങ്ങളെ മറികടക്കാൻ അനുവദിച്ചാലുള്ള സ്ഥിതി.

അധികാരം ദുർവ്വിനിയോഗം ചെയ്ത കാര്യത്തിൽ ഐക്യമുന്നണി ഗവർമ്മെണ്ടിൻെറ കൈ ശുദ്ധമാണോ? പടിഞ്ഞാറെ ബംഗാളിൽ മാർക്സിസ്ററുകാരുടെ തെരഞ്ഞെടുപ്പ് ഫണ്ടിലേക്കു് സംഭാവന ചെയ്യാൻ സമ്മതിച്ചയാളുകൾക്കു് ബസ്സ് പെർമിററുകൾ നൽകിയെന്നതു് വസ്തുതയല്ലേ?

അമിൻചന്ദ്പ്യാരേലാൽ പ്രശ്നം സംബന്ധിച്ച് പാർളിമെൻറിൽ വളരെ ഒച്ചപ്പാടുണ്ടായതാണ്. കൽക്കത്തയിൽ ഈ ഗ്രൂപ്പിനു പാർക്കു ഹോട്ടൽ നിർമ്മിക്കാൻ ലൈസൻസ് നൽകുന്നതിനു പൊതുജന സമ്മർദ്ദം കാരണം പി. സി. സെന്നിനു പോലും ധൈര്യമുണ്ടായില്ല. പക്ഷെ ഐക്യമുന്നണിയധികാരത്തിൽ വന്നപ്പോൾ ജ്യോതിബാസുവിനെ ജീത്ത് പോൾ എങ്ങിനെയോ വശത്താക്കി' കുപ്രസിദ്ധമായ ഈ കച്ചവടസ്ഥാപനം ജ്യോതിബാസുവിൻെറ അനുഗ്രഹാശിസ്സുകളോടുകൂടി കൽക്കത്തയിൽ നല്ല വ്യാപാരം നടത്തുന്നുണ്ടു്.

രണ്ടു് കമ്യൂണിസ്ററ് കക്ഷികളോടും ഐക്യമുന്നണി ഗവർമ്മേണ്ടുകളോടും ഞാൻ കടുത്ത നിലപാടാണെടുക്കുന്നതെന്നു ആക്ഷേപിക്കുന്നു. ഉത്തർപ്രദേശിലും ബീഹാറിലും മദ്ധ്യപ്രദേശിലും കേരളത്തിലും ഞങ്ങളുടെ കക്ഷികൂടി പങ്കാളിയായി ഗവർമ്മണ്ടുകളുണ്ടായിരുന്നയവസരത്തിൽ ഞാൻ എൻെറ കക്ഷിയോടു അതിലും കടുത്ത നിലപാടാണെടുത്തിട്ടുള്ളതു്.

സംയുക്തവിധായക്ദളിൻെറ മിനിമം പരിപാടിയിലെ മുഖ്യ ഇനങ്ങളിൽ നിയമനിർമ്മാണം നടത്തുന്നതിൽ ഉത്തർപ്രദേശ് ഗവർമ്മേണ്ട് പരാജയപ്പെട്ടപ്പോൾ, ഞങ്ങളുടെ മന്ത്രിമാരോടു് ഗവർമ്മെണ്ടിൽ നിന്നു പിൻവാങ്ങാൻ ഞങ്ങളാവശ്യപ്പെട്ടു. സംയുക്ത വിധായക്ദളിൻെറ ഭൂരിപക്ഷത്തിനു കോട്ടമൊന്നും തട്ടിയിട്ടുണ്ടായിരുന്നില്ലെങ്കിലും ഇത് കാരണം ചരൻസിങ്ങ് രാജിവെക്കേണ്ടിവന്നു. കാലുമാററമൊന്നു മുണ്ടായിട്ടുണ്ടായിരുന്നില്ല. പുറമെ നിന്നുള്ള ഭീഷണിയും ഗവർമ്മേണ്ടിനു നേരിടേണ്ടിവന്നിരുന്നില്ല. എസ്സ് വി. ഡി ഗവർമ്മെണ്ടിൻെറ പ്രവർത്തനത്തിൽ ഞങ്ങൾ തികച്ചും അസംതൃപ്തരായിരുന്നു. മാത്രമല്ല ഞങ്ങളുടെ മന്ത്രിമാരുടെ പ്രവർത്തനത്തിലും ഞങ്ങൾ അസംതൃപ്തരായിരുന്നു.

ബീഹാറിൽ എസ്സ്. വി. ഡി. ഗവർമ്മെണ്ട് ആരംഭത്തിൽ ചില ശൂരത്വമൊക്കെ കാണിച്ചിരുന്നു. പിന്നീട് രാഷ്ട്രീയമായ നിലനില്പിനുവേണ്ടി അഭ്യാസം കാണിക്കാൻ തുടങ്ങി. ഞങ്ങളുടെ കക്ഷിയിൽ നിന്നു ഏററവും കർക്കശമായ താക്കീതുകൾ നൽകുകയും ചെയ്തു.

അംഗീകൃതപരിപാടി നടപ്പാക്കാത്തതുകൊണ്ടു് മന്ത്രിമാർരാജിവെച്ചു. മദ്ധ്യപ്രദേശിൽ ഞങ്ങളുടെ 10ഏക്കറിൽ താഴെയുള്ള ഭൂമിക്കു് ഭൂനികുതി എടുത്തുകളയുന്നതിനും ട്രെയ്ഡ് യൂണിയനുകളുടെ അംഗീകാരം നിർബ്ബന്ധപൂർവ്വം ബാലട്ട് വഴി നടത്തുന്നതിനും ഉള്ള നിയമംകൊണ്ടു് വരുകയും ഓർഡിനൻസുകൾ പാസ്സാക്കുകയും ചെയ്യുകയും സ്ഥിരമായ അഴിമതി വിരുദ്ധ ട്രൈബ്യൂണൽ ഏർപ്പെടുത്തുകയും ചെയ്തശേഷം മാത്രമേ ഞങ്ങളുടെ മന്ത്രിമാരെ മന്ത്രിസഭയിലേക്കു് തിരിച്ചു ചെല്ലാൻ അനുവദിച്ചുള്ളു.

'നിയമസമാധാന' രംഗത്താണ് ഇടതുപക്ഷത്തിൻെറ മറെറാരു പരാജയം. ഈയിടെയായി സ്വതന്ത്ര, ബി. കെ. ഡി നേതാക്കൾ തകർന്നുകൊണ്ടിരിക്കുന്ന നിയമസമാധാന നിലയെപ്പററി വളരെ ഒച്ചപ്പാടുണ്ടാക്കുന്നുണ്ടു്. എല്ലാ ഘെരാവോകളും പണിമുടക്കുകളും, ചില രാഷ്ട്രീയകക്ഷികളേയും നിരോധിക്കണമെന്നതുൾപ്പടെ കർശന നടപടികൾ നിയമരാഹിത്യം തടയുന്നതിനു വേണ്ടി യെടുക്കേണ്ടതാണെന്നു അവർ ആഗ്രഹിക്കുന്നു.

പക്ഷെ പോലീസിൻെറ ക്രൂരതകൾ, സാധാരണക്കാരെ ഭീഷണിപ്പെടുത്തുന്നതിനു ക്രിമിനൽ നടപടി നിയമത്തിലെ 107, 109 വകുപ്പുകൾ ഉദ്യോഗസ്ഥമേധാവികൾ ഉപയോഗിക്കുന്നതു്, തൊഴിൽ നിയമങ്ങൾ മുതലാളിമാർ ലംഘിക്കുന്നതു്, കള്ളക്കടത്തു്, വൻകിടക്കാരുടെ നികുതിവെട്ടിപ്പുകൾ, ഇതൊന്നും അവരുടെ ദൃഷ്ടിയിൽ നിയമരാഹിത്യമല്ല!

നിയമ വാഴ്ചക്കുള്ള ഈ പിന്തിരിപ്പൻ വ്യാഖ്യാനം ഇടതുപക്ഷക്കാരായ ഒരു കക്ഷിക്കും അംഗീകരിക്കാനാവില്ല. പക്ഷെ ഐക്യമുന്നണി ഗവർമ്മെണ്ടുകൾവഴി നിയമവാഴ്ചക്കു് പുരോഗമനോന്മുഖവും സൃഷ്ടിപരവുമായ ഒരു സങ്കല്പം നൽകുന്നതിനു അവർ ശ്രമിച്ചിട്ടുണ്ടോ? എസ്സ്. എസ്സ്. പി. ക്കാരനായ പോലീസ് മന്ത്രി പോലീസ് വെടിവെപ്പിനെപ്പററി അന്വേഷണം നടത്താൻ വിസമ്മതിക്കുന്നതു് ദയനീയമല്ലേ? ബീഹാറിൽ ക്രിമിനൽ നടപടി നിയമത്തിലെ 107, 109 വകുപ്പുകൾ പ്രയോഗിക്കുന്നതു് നിർത്തിവെക്കാതിരുന്നതു് ശോചനീയമല്ലേ? ഈ പരാജയങ്ങൾക്കു് പാർട്ടിസമ്മേളനം അവരോടു് വിശദീകരണം ചോദിക്കേണ്ടി വന്നുവെന്നു വെച്ചാൽ? ഒരററങ്ങ് ബഹുജന പ്രസ്ഥാനങ്ങൾക്കെതിരായി പോലീസ് കാണിക്കുന്ന അതിക്രമങ്ങളും മരുവശത്ത് സംഘടിതമായ ഗുണ്ടാപ്രവർത്തനത്തിനു മുമ്പിൽ പോലീസിൻെറ നിഷ്ക്രിയത്വത്തിനുമിടയിൽ പടിഞ്ഞാറെ ബംഗാളിലെ മാർക്സിസ്റ്റ് അഭ്യന്തരമന്ത്രി ബ്രിട്ടീഷ് ഭരണാധികാരികളുടേയും പരിചിതമായ ഭാഷയിൽത്തന്നെ സംസാരിക്കുന്നത് അധിക്ഷേപാർമല്ലേ?

ഭരണതലത്തിൽ ഇടതുപക്ഷ കക്ഷികൾക്ക് പ്രാമാണ്യമുള്ള കേരളത്തിലും ബീഹാറിലും ബംഗാളിലും ഉദ്യോഗമേധാവികളും പോലീസും സാധാരണക്കാരായ ആളുകളുമായി ഇടപെടുന്ന രീതിയിൽ ഒരു മാററവും വന്നിട്ടില്ല എന്നതാണ് ദുഃഖകരമായ സത്യം.

മന്ത്രിമാരുടെ ധൈര്യക്കുറവും ഉദ്ദേശരാഹിത്യവും അവരിൽ നിന്ന് കൊച്ചു കൊച്ചു സൗജന്യങ്ങൾ കൈപ്പററാനുള്ള അണികളുടെ വാസനയും നേതൃത്വത്തിൽ നിന്ന് ദൃഢവും വിശദവുമായ നിർദ്ദേശങ്ങൾ ഇല്ലാതിരുന്നതും ഇതിനെല്ലാം പുറമെ ഏററവും പ്രധാനമായി തരം താഴ്ന്ന പൊതുജനാഭിപ്രായവു. പൊതുജനസമ്മർദ്ദവുമാണ് ഐക്യമുന്നണികളുടെ പരാജയത്തിന് വഴി തെളിയിച്ചത്. അല്ലാതെ ഐക്യപ്രവൃത്തിക്കുള്ള ആദർശങ്ങളില്ലാഞ്ഞിട്ടല്ല. ഉദാഹരണത്തിന്, ആദർശപ്പൊരുത്തവും സമാന മനസ്കതയുമാണ് വിജയത്തിലേക്കുള്ള താക്കോൽ എങ്കിൽ കേരളത്തിലെ സർക്കാരിൻേറതു പോലെ ആരംഭം മുതൽക്കു തന്നെ പതറാതെ നല്ല രീതിയിൽ പ്രവർത്തിക്കാമായിരുന്നു.

വസ്തുതയെന്തെന്നാൽ കമ്യൂണിസ്റ്റുകളുടേയും സോഷ്യലിസ്ററുകളുടേയും തീവ്രതയും തീക്ഷ്ണതയും ഉത്സാഹവും പൊതുജനങ്ങൾക്കു വേണ്ടി സ്വാർത്ഥം ത്യജിക്കാനുള്ള സന്നദ്ധതയും ഇല്ലാതായി എന്നതാണ്.

ഔദ്യോഗിക സ്ഥാനങ്ങളുടെ മാനവും ശക്തിയും അനായാസ ജീവിതവും ആർഭാടഭ്രമവും ഇടതുപക്ഷങ്ങളെ ഇല്ലായ്മ ചെയ്തുകൊണ്ടിരിക്കുന്നു.

ഭരണവർഗ്ഗത്തിന് ഇടതുപക്ഷത്തിൻെറ ഈ ദൗർബല്യം ശരിയായിട്ടറിയാം. എല്ലാ തീവ്രകക്ഷികളേയും പടിപടിയായി അവർ മെരുക്കിയെടുത്ത് നിലനിൽക്കുന്ന പിന്തിരിപ്പൻ വ്യവസ്ഥിതികളോട് വിധേയത്വമുള്ള മാപ്പു സാക്ഷികളാക്കി മാററിയിട്ടുണ്ട്.

ഇടതുപക്ഷങ്ങളെ ബൂർഷ്വാവൽക്കരിക്കുന്നതിൽ വിദേശപ്പണവും വിദേശീയരുടെ സംരക്ഷണവും വിദേശയാത്രകളും കാര്യമായി സഹായമായിട്ടുണ്ട്.

തെരഞ്ഞെടുപ്പിനു ശേഷം വിവിധ സംസ്ഥാനങ്ങളിൽ ഈ ഇടതുപക്ഷക്കാർ കോൺഗ്രസ്സേതര മുന്നണികളിലൂടെ അധികാരം തങ്ങളിൽ അർപ്പിക്കപ്പെട്ടിരിക്കുന്നതായി കണ്ടു. അവർ നേടിയ അധികാരം നിയതമായ അർദ്ധ–ഏകീകൃത ഭരണഘടന നൽകുന്ന പരിമിതിയിൽ ഒതുങ്ങി നിൽക്കുന്നതായിരുന്നു. മറെറാരു പരിമിതി, തമിഴ്നാട്ടിലെ ഡി. എം. കെ യുടെ കാര്യമൊഴിച്ചാൽ ഇവരാരും തന്നെ പൂർണ്ണമായ അർത്ഥത്തിൽ ഭൂരിപക്ഷം നേടിയിരുന്നില്ലെന്നതുകൊണ്ടു മററു പാർട്ടികളുമായി കൂടി അധികാരം പങ്കിടേണ്ടിവന്നു. ചെറിയ അംഗസംഖ്യയുടേതായിരുന്നു മൂന്നാമത്തെ പരിമിതി പി. എസ് യുടേയും കമ്യൂണിസ്ററ് പാർട്ടിയുടേയും കുറഞ്ഞ സംഖ്യാ ബലം കൊണ്ട് അവരുടെ സ്വാധീനം നേരിയതായിരുന്നു. ഈ രണ്ടു പാർട്ടികളെ അപേക്ഷിച്ചു മാർക്സിസ്ററു പാർട്ടിയുടേയും എസ്. എസ്. പി യുടേയും നില താരതമ്യേന മെച്ചമായിരുന്നു. എന്നാലും ദേശീയ രാഷ്ട്രീയ തലത്തിൽ മാർക്സിസ്ററു പാർട്ടിയുടെ പ്രാധാന്യം പെരുപ്പിച്ചു പ്രദർശിപ്പിക്കപ്പെട്ടപ്പോൾ, എസ്. എസ് പി അതിൻെറ വാദപ്രതിവാദങ്ങളുടേയും വ്യത്യസ്ഥമായ അഭിപ്രായങ്ങളുടെ തുറന്ന ചർച്ചകളുടേയും പേരിൽ അതിൽ പിളർപ്പുണ്ട് എന്ന ധാരണയുണ്ടാകും വിധം വിലയിടിച്ച് ചിത്രീകരിക്കപ്പെട്ടു.

രാഷ്ട്രീയ നിരീക്ഷകർ മിക്കവാറും എല്ലായ്പ്പോഴും മാർക്സിസ്റ്റ് പാർട്ടിയെ വിലയിരുത്തുമ്പോൾ ബംഗാളിലും കേരളത്തിലും മാത്രമാണ് അവർ നിർണ്ണായക ശക്തിയായിരിക്കുന്നതെന്ന് വളരെ പ്രധാനമായ വസ്തുത വിസ്മരിക്കുന്നു. ബംഗാൾ ഒരു പ്രധാനപ്പെട്ട വ്യവസായവൽകൃതസംസ്ഥാനമായതുകൊണ്ട് നഗരജനസംഖ്യ പെരുത്ത സംസ്ഥാനങ്ങളിലൊന്നാണ്. ഈ രണ്ടു സംസ്ഥാനങ്ങളിലും കൂടി ആറുകോടിയോളമേ ജനസംഖ്യയുള്ളൂ എന്നകാര്യം മറക്കാവതല്ല. എന്നാൽ എസ്. എസ്. പി.ക്കു ശക്തിയുള്ള ബീഹാറിലും ഉത്തർ പ്രദേശിലും ജനസംഖ്യ 13 കോടിയോളമുണ്ട് എന്ന വസ്തുത ഓർക്കേണ്ടതാണ്. അപ്പോൾ എസ്. എസ്. പി.യുടേയും സി. പി. എം ൻേറയും കാരത്തിൽ അധികാരം കൈകാര്യം ചെയ്യുന്നതിലുണ്ടായ പരിമിതികൾ അവഗണിക്കപ്പെടാവതല്ല എന്നതാണ് വാദം.

മേൽക്കാണിച്ച പ്രധാനപ്പെട്ട മൂന്നു പരിമിതികൾക്കുപുറമേ സംസ്ഥാനതലത്തിൽ നിലവിലിരിക്കുന്ന ഭരണഘടന നൽകുന്ന പരിമിതമായ അധികാരപരിധിയുടെ പോരായ്മകൾ പരിഹരിക്കാൻ ഇടതുപക്ഷ കക്ഷികളും, പ്രത്യേകിച്ച് വലതുപക്ഷക്കാരും യാതൊന്നും ചെയ്തില്ല എന്നതാണ് യഥാർത്ഥമായ പ്രയാസം.

അംഗീകൃത കമ്യൂണിസ്ററ് പ്രമാണപ്രകാരം സ്റ്റേററിൻെറ അടച്ചമർത്തലുപകരണങ്ങളിൽ– സായുധ വിഭാഗങ്ങളുൾപ്പെടെ-കമ്യൂണിസ്ററുകൾക്ക് പരിപൂർണ്ണ നിയന്ത്രണം വേണം എന്നവർ ധരിക്കുന്നു. സ്റേററിൻെറ ഈ പരമമായ അധികാരഹസ്തങ്ങൾക്ക് നെരെ ആക്രമണം നടത്തിയതിനുശേഷം, കമ്യൂണിസ്ററുകൾ സങ്കരഭരണകൂടതന്ത്രം വ്യതിയാനഘട്ടങ്ങളിൽ പരീക്ഷിച്ചു നോക്കിയെങ്കിലും ഇന്നത്തെ ഭരണഘടന അനുശാസിക്കുന്ന പരിമിതികളുടെ സാഹചര്യത്തിൽ അധികാരത്തിലുള്ള ഈ പങ്കാളിത്തം തീരെ വ്യത്യസ്ഥമാണ്.

ഈ പരിമിതികളും സന്ദർഭങ്ങളും വേണ്ടതുപോലെ മനസ്സിലാക്കാത്തതുകൊണ്ട് ഈ പ്രത്യേക സാഹചര്യത്തിൽ ഇടതുപക്ഷ കക്ഷികൾ ഔദ്യോഗിക മനസ്ഥിതി വളർന്ന് പരിഷ്കരണവാദികളായി അതിവേഗം മാററിപ്പോകുന്നു എന്ന അപകടവുമുണ്ടായി.

പരിമിതാധികാരത്തിൻെറ രാഷ്ട്രീയം രാംമനോഹർലോഹ്യക്ക് നല്ലതുപോലെ അറിയാമായിരുന്നു. സംസ്ഥാന ഭരണകൂടങ്ങളെ അദ്ദേഹം പലപ്പോഴും മുൻസിപ്പാലിററികളോടാണ് സാദൃശ്യപ്പെടുത്താറുള്ളത്. അദ്ദേഹം, ഭരണസ്ഥിരതയെക്കുറിച്ചുള്ള ബൂർഷ്വാ വിഭാഗത്തിൻെറ അങ്കലാപ്പ്, ക്രമീകൃതബഡ്ജററ്, ഉദ്യോഗസ്ഥന്മാരുടെ പ്രായോഗിക തടസ്സവാദങ്ങൾ, കാര്യങ്ങൾ സാവധാനത്തിൽ ചെയ്തുതീർത്തുകൊള്ളാമെന്ന രാഷ്ട്രീയക്കാരുടെ തണുപ്പൻനയങ്ങൾ എന്നിവയെക്കുറിച്ച് തികഞ്ഞ അവജ്ഞാപൂർവ്വമാണു സംസാരിച്ചിരുന്നത്.

അധികാരം നേടിയെടുക്കേണ്ട രീതിയുടെ തന്ത്രം ആവിഷ്കരിച്ചപ്പോൾ അദ്ദേഹം ജനങ്ങളുടെ സമീപനത്തിൽ മാററം വരുത്തുന്നതിനും ജനജീവിതവുമായി ഭരണകൂട പ്രവർത്തനം എങ്ങിനെ സങ്കലിപ്പിക്കണമെന്നും സമയം നിർണ്ണയിച്ചു നടപ്പാക്കേണ്ട പരിപാടികൾ പ്രാവർത്തികമാക്കുമ്പോൾ കാലതാമസവും ചുവപ്പുനാടയും ദൂരീകരിക്കേണ്ടതെങ്ങിനെയെന്നു സ്പഷ്ടമായി പറഞ്ഞിട്ടുണ്ടു്.

കോൺഗ്രസ്സ് ഭരണകൂടങ്ങളെ താഴത്തിറക്കി പകരം കോൺഗ്രസ്സേതര ഭരണകൂടങ്ങൾ രൂപീകരിക്കുന്നതിൽ അദ്ദേഹം ഉൽക്കണ്ഠാകുലനായിരുന്നതു പോലെത്തന്നെ, ഉദ്യോഗസ്ഥമേധാവിത്വത്തിൽ പതറി പരാജയപ്പെട്ട പരിപാടികൾ നടപ്പാക്കുന്നതിൽ പരുഭവപ്പെടുന്ന കോൺഗ്രസ്സേതര ഭരണകൂടങ്ങളേയും സ്ഥാനഭ്രഷ്ടമാക്കാനുള്ള സന്നദ്ധത അദ്ദേഹത്തിനുണ്ടായിരുന്നു.

ഇതുകൊണ്ടു് ഈ വസ്തുതകളുടെ ഒരു താത്വികമായ അഗാധഗ്രാഹ്യം എസ്. എസ്. പി ക്കു് ഒരു തുടർച്ച പോലെ കൈവന്നുവെങ്കിലും താത്വികാവബോധവും അതു് പ്രാവർത്തികമാക്കാനുള്ള മനസ്ഥിതിയും കഴിവും വ്യത്യസ്ഥം തന്നെയാണ്. എസ്. എസ് പിയുടെ പരാജയം സംഘടനാ രംഗത്തായിരുന്നു. സംഘടനാ ബലമില്ലാതെ നേതൃത്വത്തിനാഗ്രഹമുണ്ടായാലും താത്വികമായ ആർജ്ജവമുണ്ടായാലും അവ പ്രാവർത്തികമാക്കാൻ സാധിക്കുന്നതല്ല. ഇതാണു് ഭരണതലത്തിൽ എസ്. എസ് പി യെ മങ്ങിച്ചതു്.

സംഘടനാ ശക്തിയുടെ കാര്യത്തിലും, ഇന്ത്യൻ കമ്യൂണിസ്ററു പ്രസ്ഥാനത്തിന്റെ ആരംഭം തുടങ്ങിയാൽ തുടർച്ചയായി അതിനു ലഭിച്ച അച്ചടക്കമുള്ള പ്രവർത്തനത്തിന്റെ കാര്യത്തിലും മാർക്സിസ്ററു പാർട്ടിക്കു് ഈ കാര്യങ്ങൾ ചെയ്യുന്നതിനു് താരതമ്യേന കൂടുതൽ സാദ്ധ്യതയുണ്ടായിരുന്നു. എന്തൊക്കെയായാലും പരിമിതാധികാരം വിപ്ലവത്തിനു വേണ്ടി ഉപയോഗിക്കേണ്ടതിനെക്കുറിച്ചുള്ള അവരുടെ ധാരണ തെററുകൾ നിറഞ്ഞതായിരുന്നു. ഒരു വശത്തു്, പരിഷ്കരണ-സാവധാന നയത്തിലും മറുവശത്തു് നിസ്സാരവും സങ്കുചിതവുമായ പാർട്ടി നേട്ടങ്ങൾക്കു വേണ്ടി രാഷ്ട്രീയാധികാരം ദുർവിനിയോഗം ചെയ്തും അവർ അധ:പതിച്ചു.

എന്തൊക്കെയായാലും ഫലത്തിൽ എസ്. എസ് പി യും മാർക്സിസ്ററു പാർട്ടിയും വിവിധ സ്ഥലങ്ങളിൽ വ്യത്യസ്ഥമായി ഉയർന്നുയർന്ന ഈ പരിമിതികളുടെക്കെ മുമ്പിൽ വ്യത്യസ്ഥ കാരണങ്ങൾ കൊണ്ടു് തങ്ങൾക്കു കിട്ടിയ അവസരം ഉപയോഗിക്കാനാകാതെ പരാജയപ്പെടുക തന്നെ ചെയ്തു.

ഇടതുപക്ഷത്തിന്റെ ഇപ്പോഴത്തെ വൃഷമാവസ്ഥയ്ക്കു കാരണം കോൺഗ്രസ്സും നെഹ്റുവും ചെയ്തതുപോലെ, ഒരു ശരിയായ രാഷ്ട്രീയമാർഗ്ഗം തങ്ങളുടേതായി സ്വീകരിക്കുവാനുള്ള ശ്രമത്തിൽ പരാജയപ്പെട്ടു എന്നതാണു്.

1940 മുതലുള്ള ദശവർഷത്തിന്റെ അവസാനത്തിൽ ഒരുകൂട്ടം സാഹസികതയുടെ ആവേശമുതിർവിട്ട കമ്യൂണിസ്റ്റ് പാർട്ടി അമർന്നടങ്ങി പാർലിമെൻറിനകത്തും പുറത്തും 'കുട്ടി നെഹ്റു'മാരായി മാറി. തനിക്കെതിരെ ഫലവത്തായ പ്രതിപക്ഷമായി പ്രവർത്തിക്കുക അസാദ്ധ്യമാക്കത്തക്കവിണ്ണം വശ്യമായ തീവ്രശൈലികൾ നിർമ്മിച്ചു് നെഹ്റു അവരെ തനിക്കെതിരെ നീങ്ങുന്നതിൽ നിന്നും കമ്യൂണിസ്റ്റ്കളെ തടഞ്ഞുനിർത്തി.

കോൺഗ്രസ്സ നെഹ്റുവുമായി സോഷ്യലിസ്റ്റ്കളാണെങ്കിൽ ഒരു ഇരുതലനയമാണു് കൈക്കൊണ്ടതു്. കോൺഗ്രസുമായുള്ള സഹകരണത്തിന്റെയടിസ്ഥാനത്തിൽ ജയപ്രകാശ് നാരായണൻ കൊണ്ടുവന്ന പതിന്നാലിന പരിപാടി, അശോകമേത്തയുടെ പിന്നോക്ക സാമ്പത്തിക സ്ഥിതി സിദ്ധാന്തം, നെഹ്റുവിനെ സുഖിപ്പിച്ചു കൊണ്ടുള്ള പി. എസ്. പി.യുടെ പോക്കു് തുടങ്ങി സോഷ്യലിസ്റ്റുകളുടെ വിരുദ്ധ സമീപനങ്ങൾ വിശദീകരണമാവശ്യമില്ലാത്തതു പ്രസിദ്ധമാണല്ലോ. ജാകരൂകരായ സോഷ്യലിസ്റ്റ്കളുടെ ഇടയിൽ ഈ നയങ്ങൾ അതിരൂക്ഷമായ എതിർപ്പുളവാക്കി.

ഡോക്ടർ ലോഹ്യ പ്രതിനിധാനം ചെയ്ത ഈ ജാകരൂകവിഭാഗമൊഴിച്ചു് മററിടതുപക്ഷവിഭാഗങ്ങളൊന്നും ജനങ്ങൾക്കു് കോൺഗ്രസ്സിനോടുള്ള മതിപ്പുകേടു് ദേശീയതലത്തിൽ വളർത്തി പ്രോത്സാഹിപ്പിക്കാൻ തയാററായി മുന്നോട്ടു വന്നില്ല,

കടപ്പാടു്–സെമിനാർ (127)
മാർച്ചു് 1970)

(ഇന്ത്യയിലെ ഇടതുപക്ഷത്തെക്കുറിച്ചു് സംയുക്ത സോഷ്യലിസ്ററ് പാർട്ടി നേതാവു് മധുലിമായേ 1969 ജൂലായ് മാസത്തിൽ എഴുതിയതാണു് ഈ ലേഖനം. അന്നു ബംഗാളിലെ ഐക്യമുന്നണി മന്ത്രിസഭ അധികാരത്തിൽ നിന്നു പോന്നില്ല.)

(എഴുതാപ്പുറം 12-ാം പേജിൽനിന്നു് തുടർച്ച)

അതിനും പുറമെ ഇ. എം. എസിന്റെ പാർട്ടിയുടെ പഴയ സഖാക്കളായ മുസ്ലീംലീഗ് ഐ. എസ്സ് പി എന്നിവയൊക്കെ കോൺഗ്രസ്സിനോടുള്ള തൊട്ടുകൂടായ്മ മുമ്പേ ഉപേക്ഷിച്ചു കഴിഞ്ഞവരാണു് വലതു് കമ്യൂണിസ്റ്റ് നേതൃത്വം അംഗീകരിച്ചു കഴിഞ്ഞവരാണു്. കോൺഗ്രസ്സിന്റെ നേതൃത്വമായാലും വിരോധമില്ലാത്തവരാണു്. കേരളാ കോൺഗ്രസ്സാണെങ്കിൽ മുമ്പേതന്നെ കോൺഗ്രസ്സുമായി കൂട്ടുകൂടണമെന്നു തിടുക്കം കൂട്ടുന്നവരുമാണു്. അവസാനം വലതു് കമ്യൂണിസ്റ്റ്കാർക്കും കോൺഗ്രസ്സുമായി തുറന്ന ബന്ധം സ്ഥാപിക്കാൻ വലിയ വിഷമമൊന്നുമുണ്ടാകയില്ല. കഴിഞ്ഞ ഉപതെരഞ്ഞെടുപ്പുകളിൽ അതു് കണ്ടു കഴിഞ്ഞു.

പിന്നെ അവശേഷിക്കുന്ന പ്രശ്നം വലിയ കക്ഷിയായ കോൺഗ്രസ്സിന്റെ നേതൃത്വത്തിലല്ലാതെ മന്ത്രിസഭയുണ്ടാക്കുന്നതിനെ കോൺഗ്രസ്സുകാർ ഇഷ്ടപ്പെടുമോ എന്നു മാത്രമാണു്. ഇ. എം. എസ്സിന്റെ പ്രചരണപരമായ ചോദ്യങ്ങൾക്കു ഫലത്തിൽ എന്തെങ്കിലും കുഴപ്പമുണ്ടാക്കാൻ കഴിയുന്നെങ്കിൽ അതു് കോൺഗ്രസ്സ് നേതാക്കൾക്കിടയിലേയുള്ളു. അവരിൽത്തന്നെ കെ. പി. സി. സി പ്രസിഡണ്ടു്, കെ. കെ വിശ്വനാഥൻ, സെക്രട്ടറി എ. കെ. ആൻറണി എന്നിവർ വലതു് കമ്യൂണിസ്റ്റ് നേതൃത്വം .അംഗീകരിച്ചു കഴിഞ്ഞവരാണു്. തെരഞ്ഞെടുപ്പിൽ കൂട്ടുകെട്ടിനു ഭൂരിപക്ഷം കിട്ടിയാൽ അച്ചുതമേനോൻ മുഖ്യമന്ത്രിയായി തുടരുന്നതിൽ ഈ നേതാക്കൾക്കു എതിർപ്പൊന്നുമില്ല. കോൺഗ്രസ്സണികളെ തൃപ്തിപ്പെടുത്താൻ വേണ്ടത്ര സീററു കൂട്ടുകെട്ടിന്റെ ഫലമായി കിട്ടുമോയെന്നു മാത്രമേ ഈ നേതാക്കൾക്കു് ആശങ്കയുള്ളു. 'വിമോചനസമര' ത്തിനുശേഷം പി എസ് പി നേതാവു് പട്ടംതാണുപിള്ളയുടെ നേതൃത്വത്തിൽ മന്ത്രിസഭയുണ്ടാക്കിയ കാര്യം കെ. പി. സി. സി പ്രസിഡൻറ് കെ. കെ വിശ്വനാഥൻ അനുസ്മരിപ്പിച്ചു കഴിഞ്ഞു.

എന്നാൽ സി. എം സ്റ്റീഫനെപ്പോലുള്ള ചില കെ. പി. സി. സി നേതാക്കൾ ഇപ്പോഴും കോൺഗ്രസിന്റെ ശക്തിക്കനുസരിച്ചു് സീററും നേതൃത്വവും കോൺഗ്രസ്സിനു വേണമെന്ന അഭിപ്രായക്കാരാണു്. ഇതിനുവേണ്ടി വലതു് കമ്യൂണിസ്ററ്കാരില്ലാത്ത 'മൂന്നു കോൺഗ്രസ്സുകളുടെ' മുന്നണി വേണമെന്നു സ്റ്റീഫനെപ്പോലു

Vol. 1
No. 23
35 Ps.
Reg· K· I04

# NIRNAYAM

(ERNAKULAM 19TH JULY 1970)

ള്ള നേതാക്കൾക്ക അഭിപ്രായമുണ്ട്. അത് സാദ്ധ്യമല്ലെങ്കിൽ ഒററക്ക മത്സരിച്ചാലും വിരോധമില്ലെന്ന് അവർ വിചാരിക്കുന്നു.

ഇങ്ങനെ കെ. പി. സി. സി യിലുള്ള രണ്ട് വിഭാഗം നേതാക്കൾക്ക ചിന്താക്കുഴപ്പമുണ്ടാക്കുന്നതിനാണ് ഇ. എം. എസ്സിന്റെ ചോദ്യം കൂടുതൽ ഉപകരിക്കുക. കോൺഗ്രസ്സിന്റെ വോട്ടു കൊണ്ട് അച്ചുതമേനോനെ മുഖ്യമന്ത്രിയാക്കാൻ ഇഷ്ടപ്പെടാത്ത പ്രബല വിഭാഗം കോൺഗ്രസ്സുകാർ ഉണ്ടെന്ന തെളിഞ്ഞുകഴിഞ്ഞിട്ടുണ്ട്.

മാർക്സിസ്റ്റ് കമ്യൂണിസ്റ്റ് നേതാവ് ഇ. എം. എസ്സി. ന്റെ ചോദ്യം അദ്ദേഹത്തിനെതിരായി തിരിഞ്ഞുകൊള്ളുകയില്ലെന്നും വിചാരിക്കരുത്. കോൺഗ്രസ്സ് ആദർശത്തിലുറച്ചുനിന്നു ഒററക്ക മത്സരിക്കണമെന്ന വാദിക്കുന്ന റാഡിക്കൽ കോൺഗ്രസ്സുകാർ ഇ. എം. എസ്സി. നോട് ചില ചോദ്യങ്ങൾ തിരിച്ചു ചോദിച്ചെന്നുവരും. മിനിമം പരിപാടിയുടെ അടിസ്ഥാനത്തിൽ ഐക്യമുന്നണിയുണ്ടാക്കി അഞ്ചുവർഷക്കാലം ഉറച്ചഭരണം നൽകാമെന്നു ഉറപ്പു നൽകി വമ്പിച്ച ഭൂരിപക്ഷത്തോടെ അധികാരത്തിൽ വന്നതാണല്ലോ ഇ. എം. എസ്സി. ന്റെ നേതൃത്വത്തിലുള്ള ഐക്യമുന്നണി—1967ൽ ഐക്യമുന്നണിക്ക് ജനങ്ങൾ വോട്ടു ചെയ്യുമ്പോൾ ആരാണിങ്ങളുടെ നേതാവെന്നോ എന്താണിങ്ങളുടെ പരിപാടിയെന്നോ ആരുംചോദിച്ചില്ല. ഇ. എം. എസ്സ്. തന്നെയാണ് നേതാവെന്നു ജനങ്ങൾക്ക ഉറപ്പായിരുന്നു.

എന്നിട്ടെന്തുണ്ടായി. അഞ്ചുകൊല്ലത്തേക്ക് തെരഞ്ഞെടുത്ത നേതാവ് ഇടക്കുവെച്ച് മുഖ്യമന്ത്രിയല്ലാതായി. മുഖ്യമന്ത്രിസ്ഥാനം രാജിവെച്ചു പോന്നു. ഡൽഹിയിൽ നിന്നു അച്ചുതമേനോനെ കൊണ്ടുവന്നു. ഇ. എം. എസ്സി. ന്റെ പഴയ കൂട്ടുകാർ മുഖ്യമന്ത്രിയാക്കി. ഇപ്പോൾ വീണ്ടും „ഞാനാണ് നേതാവ് ഞങ്ങൾക്ക മിനിമം പരിപാടിയുണ്ട്'' എന്നു പറഞ്ഞ് ഇ. എം. എസ്സ്. വന്നാൽ ജനങ്ങൾ വിശ്വസിക്കുമോ എന്നു റാഡിക്കൽ കോൺഗ്രസ്സുകാർ ചോദിച്ചാൽ ഇ. എം. എസ്സ്. എന്താണു മറുപടി പറയുക? നേതാവ് ആരാണെന്നു പരിപാടിയെന്താണെന്നും പറഞ്ഞ് അധികാരത്തിൽ വന്ന ഇ. എം. എസ്സും. അതൊന്നും പറയാതെ നിൽക്കുന്ന ഭരണമുന്നണി കോൺഗ്രസ്സ് കൂട്ടുകെട്ടും തമ്മിൽ ജനങ്ങൾ ഒരു വ്യത്യാസവും കണ്ടില്ലെന്നുവരും നേതാവെന്നു പറഞ്ഞയാൾ നേതാവല്ലാതാവുന്നതും പരിപാടിയെന്നു പറഞ്ഞത് പരിപാടിയല്ലാതാവുന്നതും ജനങ്ങൾ കണ്ടതല്ലേയെന്നു റാഡിക്കൽ കോൺഗ്രസ്സുകാർ ചോദിച്ചെന്നുവരും. അതാവർത്തിക്കുകയില്ലെന്നു എന്താണുറപ്പ്? മുമ്പ് ഇ. എം. എസ്സി. ന്റെ നേതൃത്വം ഉപേക്ഷിച്ചുപോയവരിൽ ആരൊക്കെ തിരിച്ചുവരുന്നോ അവരെയൊക്കെ സ്വീകരിക്കാൻ ഇ. എം. എസ്സ്. വീണ്ടും തയ്യാറെടുക്കുന്നു? മുണ്ട്. „നിങ്ങടെ പരിപാടി തകർത്തില്ലേ മുന്നണിനേതാവ് മാറിയില്ലേ?,, അവർ തിരിച്ചു ചോദിച്ചേക്കാം— ഈപാവങ്ങൾക്ക ഇ. എം. എസ്സ്. ആദ്യം മറുപടി പറയട്ടെയെന്നു അവർ പറയും.

റഷ്യൻ കമ്യൂണിസ്റ്റ് പാർട്ടിയുടെ 20-ാം കോൺഗ്രസ്സിനെക്കുറിച്ചു മാവോസേതുങ്ങ് മുമ്പ് പറഞ്ഞ അഭിപ്രായങ്ങൾ ഉദ്ധരിച്ചുകൊണ്ട് ഫ്രണ്ടിയർ വാരികയിൽ എസ്സ്. സി. സാഹ എഴുതിയ കത്തിന്റെ വിവർത്തനം കഴിഞ്ഞ ലക്കം നിർണ്ണയത്തിൽ ചേർത്തിരുന്നുവല്ലോ—സാഹയുടെ കത്തിനെ പരമർശിച്ചുകൊണ്ട് 24 ഫർഗാനയിൽ നിന്നു ജൂലായ് 11നു-യിലെ ഫ്രണ്ടിയർ വാരികയിൽ ഒരു കത്തെഴുതിയിട്ടുണ്ട്. അതിന്റെ മലയാള വിവർത്തനം താഴെച്ചേർക്കുന്നു.

രണ്ട് ഉദ്ധരണികൾ കൊണ്ട് എസ്സ്. സി. സാഹക്ക് നിഗമനത്തിലെത്താൻ ബുദ്ധിമുട്ടൊന്നുമില്ലാതെ എളുപ്പത്തിൽക്കഴിഞ്ഞു. അദ്ദേഹത്തിന്റെ തിടുക്കത്തിൽ കോൺഗ്രസിൽ മാവോ ചെയ്ത പ്രസംഗത്തിലെ 'പല' എന്ന വാക്കും രാഷ്ട്രീയതത്വങ്ങൾ എന്ന പദത്തിന്റെ പ്രാധാന്യവും അദ്ദേഹം വിട്ടുകളഞ്ഞു. മൊത്തം അദ്ദേഹത്തിന്റെ സമീപനം കാണിക്കുന്നത് വേണ്ടത്ര വിവരമില്ലായ്മയാണ് ഉദ്ധരിണികളെ മാത്രം ആശ്രയിക്കുന്നതിന്റെ ഫലം. 1956 സപ്തംബറിൽ നടന്ന ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടിയുടെ എട്ടാം കോൺഗ്രസിൽ സെൻട്രൽ കമ്മിററിയുടെ അവതരിപ്പിച്ച റിപ്പോർട്ട് പൂർണ്ണരൂപവും 1956 ഡിസംബറിൽ പീക്കിങ്ങിലെ പീപ്പിൾസ് ഡെയ്‌ലിയൻ തൊഴിലാളി വർഗ്ഗസർവ്വാധിപത്യത്തിന്റെ ചരിത്രപരമായ അനുഭവങ്ങളെക്കുറിച്ച് കുറെക്കൂടി യെന്നപേരിൽ പ്രസിദ്ധിപ്പെടുത്തിയ ലേഖനവും അദ്ദേഹം വായിച്ചിരുന്നുവെങ്കിൽ റഷ്യൻ കമ്യൂണിസ്റ്റ് പാർട്ടിയുടെ 20-ാം കോൺഗ്രസിന്റെ തിരുത്തൽ വാദപരമായ വീക്ഷണത്തെ ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടി എതിർത്തിരുന്നുവെന്നു കാണാൻകഴിയുമായിരുന്നു. പാർളിമെൻററി മാർഗ്ഗത്തെപ്പററിയും സ്റ്റാലിനെപ്പററിയുമുള്ള വീക്ഷത്തിൽ ആദ്യം മുതൽക്കേ ചൈനയിൽ കമ്യൂണിസ്റ്റ് പാർട്ടിക്ക യോജിപ്പുണ്ടായിരുന്നില്ല. സ്ഥലച്ചുരുക്കം കാരണം അവയുദ്ധരിക്കാൻ നിർവ്വാഹമില്ല. സോവിയററ് തിരുത്തൽ വാദം ശൈശവദശയിലായിരുന്നതു കൊണ്ട് സോവിയററ് കമ്യൂണിസ്റ്റ് പാർട്ടി നേതൃത്വം തുറന്ന വിവാദത്തിനു ഒരുമ്പെടാതിരുന്നതുകൊണ്ടും ചൈനീസ് കമ്യൂണിസ്ററ് പാർട്ടിപരസ്യമായ വിമർശനം നടത്താതെ ഒഴിഞ്ഞു നിന്നു. ചൈനീസ് കമ്യൂണിസ്ററ് പാർട്ടി അടക്കം പാലിച്ചു. എന്തായാലും അടങ്ങിക്കഴിഞ്ഞതിന്റെ പിന്നിൽ 1957 ൽ കർശനമായ വിവാദങ്ങൾ നടക്കുകയുണ്ടായി. റഷ്യൻ കമ്യൂണിസ്ററ് പാർട്ടിയുടേയും സഹോദര പാർട്ടികളുടേയും ആഗ്രഹങ്ങൾ അവഗണിച്ചു, അവർ എന്തുകൊണ്ട് തർക്കം പരസ്യമാക്കിയില്ലെന്ന കാര്യത്തെക്കുറിച്ചു തീർച്ചയായും വിമർശനമുണ്ടാകാം. ചൈനീസ് കമ്യൂണിസ്ററ് പാർട്ടി സ്വയം വിമർശനവും നടത്തിയിട്ടുണ്ട്—റഷ്യൻ കമ്യൂണിസ്ററ് പാർട്ടിയോട് ഞങ്ങൾ ഈ പരിഗണന കാണിച്ചത് തെററായിപ്പോയെന്നു സഖാക്കൾ ഇപ്പോൾ വിമർശിക്കുന്നുണ്ടെങ്കിൽ ഞങ്ങൾ അത് സ്വീകരിക്കാൻ തികച്ചും ഒരുക്കമാണ്. (റഷ്യൻ കമ്യൂണിസ്ററ് പാർട്ടി 1963 ജൂൺ 14നു- എഴുതിയ കത്തിനു ചൈനീസ് കമ്യൂണിസ്ററ് പാരട്ടി മറുപടി പറയുന്നു) ചീന-റഷ്യാ തർക്കത്തെപ്പററി പഠിക്കുന്നവർക്കെല്ലാം ഇക്കാര്യങ്ങളറിയാം.

(തുടരും)

Edited printed andpublished by M. A. John Convent Road, Cochin-11
at Empees press, Gopalprabhu Road, Cochin -11